

ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്

എന്റെ ജീവിതമാണ് എന്റെ സന്ദേശം

ഗ്രാമങ്ങളിലൂടല്ലോ ഭാരത-
മോചനമെന്നുധരിച്ചവർ നാം
സ്വന്തം കാലിൽ നിൽക്കും ഗ്രാമം
സ്വപ്നം കണ്ട് കഴിഞ്ഞവർ നാം
നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി-
താലോലിച്ചൊരു സങ്കല്പം
സമത്വ സുന്ദരഗ്രാമസ്വരാജ്യം
നമ്മുടെ കൈകളിലായല്ലോ.

വാഗമൺ പഞ്ചായത്ത്

സ്കെയിൽ 1:32000 (3.CM = 1 KM APRX)



ജനകീയാസൂത്രണം
വികസന റിപ്പോർട്ട്
വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്

1996


കണ്ണൂർ
കണ്ണാടകം
കോഴിക്കോട്
കോരളം
കൊച്ചി
തമിഴ്നാട്
തിരുവനന്തപുരം

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതി



ശ്രീ. M.K. പുരുഷോത്തമൻ പ്രസിഡന്റ്



ശ്രീ. അവിരാജയിംസ്
കുറിച്ചിയിൽ
വൈസ് പ്രസിഡന്റ്



ശ്രീ. ജോസഫ് സെബാസ്റ്റ്യൻ
ഏർത്തടം സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



ശ്രീ. കെ.ജി. സത്യൻ



കുര്യൻ കുര്യൻ
കുമ്പാട്ട്



ശ്രീ. തോമസ് തോമസ്
അറയ്ക്കകൽ

ശ്രീമതി കുട്ടിയമ്മ
ചാക്കോ ചാലപ്പാട്ട്

ശ്രീമതി. ചന്ദ്രമതി സോമരാജൻ



ശ്രീമതി. ക്ലാരമ്മ മാത്യു
ഉറുമ്പിൽ

ശ്രീ. K.M. മത്തായി സെക്രട്ടറി

മുൻ പ്രസിഡന്റുമാർ



ശ്രീ. എം.എം.കെ. വൈദ്യർ

ശ്രീ. P.J. ജോർജ്ജ് പാലിയത്ത്



ശ്രീ. P. രാജൻ



ശ്രീ. ജോയി വർഗ്ഗീസ്

ശ്രീ. എൻ.എം. മാണി ചൂരക്കുഴി
(വാഴത്തോപ്പ് വാർഡിലെ പ്രഥമ ജനപ്രതിനിധി)
ഉടുമ്പന്നൂർ പഞ്ചായത്ത് പ്രസിഡന്റ്

ഉള്ളടക്കം

പേജ്

ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ 11

ആമുഖം 13

ചരിത്രം 14

ഭൂപ്രകൃതിയും വിഭവങ്ങളും 17

പഠനയാത്ര 20

കൃഷിയും ജലസേചനവും 23

മൃഗസംരക്ഷണം 27

വ്യവസായം 30

ഊർജ്ജം, ഗതാഗതം 32

ആരോഗ്യം, കുടിവെള്ളം 37

വിദ്യാഭ്യാസം 46

പാർപ്പിടം, സാമൂഹ്യക്ഷേമം 49

വനിതാക്ഷേമം 54

സഹകരണമേഖല 55

പട്ടികജാതി പട്ടികവർഗ്ഗം 67

സംസ്കാരം 69

വിഭവസമാഹരണം 71

ഉപസംഹാരം 73

പുനരർപ്പണദിനം

കേരളപിറവി ദിനമായ നവംബർ ഒന്നിന് വാഴത്തോപ്പു പഞ്ചായത്തിനു ജനകീയ പങ്കാളിത്തത്തോടെ മഞ്ഞപ്പാറ - തൊട്ടി റോഡ് നിർമ്മാണം. പഞ്ചായത്ത് പ്രസിഡന്റ് എം.കെ. പുരുഷോത്തമൻ ഉദ്ഘാടനം ചെയ്യുന്നു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അവിരാജോസഫ് സമീപം.

ഗ്രാമപഞ്ചായത്ത് പൊതുവിവരം

1.	പഞ്ചായത്തിന്റെ പേര്.	:	വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്
2.	ഉൾപ്പെടുന്ന വില്ലേജ്	:	ഇടുക്കി
3.	ബ്ലോക്ക് പഞ്ചായത്ത്	:	ഇടുക്കി
4.	താലൂക്ക്	:	തൊടുപുഴ
5.	അസംബ്ളി മണ്ഡലം	:	ഇടുക്കി
6.	വിസ്തീർണ്ണം.	:	19984 ച: ഹെക്ടർ
7.	അതിരുകൾ. വടക്ക്	:	കഞ്ഞിക്കുഴി പഞ്ചായത്ത്
	തെക്ക്	:	അറക്കുളം, വെള്ളിയാമറ്റം, ഉടുമ്പന്നൂർ പഞ്ചായത്തുകൾ
	കിഴക്ക്	:	മരിയാപുരം പഞ്ചായത്ത്
	പടിഞ്ഞാറ്	:	ഉടുമ്പന്നൂർ, കഞ്ഞിക്കുഴി പഞ്ചായത്തുകൾ
8.	ജനസംഖ്യ.17483		
			(a) പുരുഷൻമാർ 8919
			(b) സ്ത്രീകൾ 8564
			(c) അക്ഷരാഭ്യാസമുള്ളവർ 13754
9.	വാർഡുകളുടെ എണ്ണം	:	9
10.	പ്രസിഡൻറ്	:	ശ്രീ. M.K പുരുഷോത്തമൻ
11.	വൈസ്പ്രസിഡന്റ്	:	ശ്രീ. ജയിംസ് അവിര, കുറിച്ചിയിൽ
12.	സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ	:	ശ്രീ. ജോസഫ് സബാസ്റ്റ്യൻ ഏറത്തടം
13.	ഭരണസമിതിയംഗങ്ങൾ	:	1. ശ്രീമതി. ചന്ദ്രമതി സോമരാജൻ
			2. ശ്രീ. K.G. സത്യൻ
			3. ശ്രീ. കുര്യൻ കുര്യൻ, കുമ്പാട്ട്
			4. ശ്രീമതി. ക്ലാരമ്മ മാത്യു, ഉറുമ്പിൽ
			5. ശ്രീ. തോമാസ് തോമസ്, അറയ്ക്കൽ
			6. ശ്രീമതി. കുട്ടിയമ്മ ചാക്കോ, ചാലപ്പാട്ട്
14.	സെക്രട്ടറി	:	ശ്രീ. K.M. മത്തായി

നമ്മുടെ ജനപ്രതിനിധികൾ

ശ്രീ. എ.സി. ജോസ്. എം.പി.
ഇടപ്പള്ളി. പി.ഒ. കൊച്ചി

ശ്രീ. പി.പി. സുലൈമാൻറാവുത്തർ. എം.എൽ.എ
ഇടുക്കി കോളനി P.O., ഇടുക്കി

അഡ്വ. ജോയി തോമസ്
ജില്ലാ പഞ്ചായത്തുമെമ്പർ
അറക്കുളം. പി.ഒ

ശ്രീ. കെ.എൻ. മുരളി
ജില്ലാ പഞ്ചായത്തുമെമ്പർ
പഴയരിക്കണ്ടം. പി.ഒ

ശ്രീമതി. ഷീലാ സ്റ്റീഫൻ
പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്,
പൈനാവ് പി. ഒ.

ശ്രീ. അഗസ്റ്റിൻ തോമസ്
പ്രസിഡണ്ട്. ഇടുക്കി ബ്ലോക്ക്പഞ്ചായത്ത്
തടിയമ്പാട്. പി.ഒ

ശ്രീ. ജോയി വറുഗീസ്
ഇടുക്കി ബ്ലോക്ക് പഞ്ചായത്തുമെമ്പർ
തടിയമ്പാട് പി.ഒ

ശ്രീ. കെ.ഐ. പരമേശ്വരൻ
ബ്ലോക്ക് പഞ്ചായത്തുമെമ്പർ
പതിപ്പള്ളി പി.ഒ. മൂലമറ്റം

നമ്മുടെ സംസ്ഥാന റിസോഴ്സ് പേഴ്സൺസ് (KRP)

ശ്രീ. കരിമ്പൻ ജോസ്
വാഴക്കാലായിൽ.
ഇടുക്കി. പൈനാവ് 685603

ശ്രീ. വി.എസ്. രവീന്ദ്രനാഥ്
ആതിര തടിയമ്പാട് പി.ഒ. 685602

ശ്രീ. കെ.ആർ. ജനാർദ്ദനൻനായർ
ഇടുക്കി കോളനി പി.ഒ.
ചെറുതോണി 685602

ശ്രീ പി.കെ. ഷംസുദ്ദീൻ
മണിയാറൻകുടി. പി.ഒ. 685602

നമ്മുടെ ജില്ലാ റിസോഴ്സ് പേഴ്സൺസ് (DRP)

ശ്രീ അവിരാജയിംസ്

ശ്രീ ജോർജ് മാത്യു

ശ്രീ. എ.ടി. സോമശേഖരൻപിള്ള

ശ്രീ. കെ.ആർ. ഹരിലാൽ

ശ്രീ. സി.എ. ഫെലിക്സ്

ശ്രീ. ജോയ്സ് ജോർജ്

ശ്രീ. കെ.കെ. കുഞ്ഞുമോൻ

ശ്രീ. ശ്രീകുമാർ കിഴക്കേക്കര

ശ്രീ. ബെർളിജോൺ

ശ്രീ. ടോംജോസ്

ശ്രീ. രാജുസേവ്യർ

അഡ്വ. കെ.വി. വിൻസെന്റ്

ആമുഖം

ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ പഞ്ചായത്ത്‌രാജ്‌നിയമം നിലവിൽ വന്നത് ജനങ്ങളിൽ വലിയ പ്രതീക്ഷ ഉളവാക്കിയിട്ടുണ്ട്. ആ പ്രതീക്ഷയുടെ തിരിനാളം കെടാതെ സൂക്ഷിക്കുകയാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം.

ജില്ലാ ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്. പുതിയ ഭരണസമിതി നിലവിൽ വന്നത് 1996 സെപ്തംബർ 30നാണ്. ജനങ്ങളുമായി കൂടുതൽ അടുപ്പമുണ്ടാക്കുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും പുതിയ ഭരണസമിതി ശ്രദ്ധിക്കുന്നുണ്ട്.

ജനകീയാസൂത്രണപദ്ധതി ഒരു പുതിയ സംവിധാനമാണ്. മറ്റെവിടെനിന്നും ഒരു മാതൃക ലഭ്യമല്ല. വികസനപ്രക്രിയയിൽ സജീവ ജനപങ്കാളിത്ത രീതിയാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാനപദ്ധതിയുടെ 40% തുക ഗ്രാമപഞ്ചായത്തുകളിലൂടെ വിതരണംചെയ്യാനുള്ള സർക്കാരിന്റെ ശ്രമം പ്രാദേശികാവശ്യങ്ങളുടെ പൂർത്തീകരണത്തിന് ഒരു പരിധിവരെ സഹായകമാകും. ആവശ്യങ്ങളുടെ മുൻഗണനാക്രമത്തിൽ ജനങ്ങളിൽനിന്നും ഉള്ള വിഭവങ്ങൾ കൂടി ഉപയോഗപ്പെടുത്തുമ്പോൾ വികസന പ്രക്രിയയ്ക്ക് ആക്കം കൂടും. ജനമുന്നേറ്റമുണ്ടാകും.

പദ്ധതിക്കുവേണ്ടി ചെലവാക്കുന്ന പണം പരമാവധി ഉപയോഗപ്പെടുത്തുന്നു. കൃഷി, ജലസേചനം, വ്യവസായം എന്നീ മേഖലകൾക്ക് ഈ പദ്ധതി ഊന്നൽ നൽകുന്നു. ഗ്രാമീണ തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനും ഉല്പാദനവർദ്ധനവിനും സഹായകമായ ഒരു പദ്ധതിയാണിത്. ചുരുക്കത്തിൽ എല്ലാത്തരം വിഭാഗീയ ചിന്തകൾക്കുമതീതമായി ജനങ്ങളെ അണിനിരത്തുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാകുന്നു. പുതിയ ഒരു വികസന സംസ്കാരത്തിന് തുടക്കം കുറിക്കാൻ ഈ പദ്ധതിക്കു കഴിയുമെന്ന കാര്യത്തിൽ സംശയമേയില്ല.

ചരിത്രം

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ ചരിത്രം ഇവിടുത്തെ ആദിവാസികളായ ഗിരിവർഗ്ഗക്കാരുടെ ചരിത്രത്തിൽ നിന്നും തുടങ്ങുന്നു. മന്നാന്മാരാണ് ആദിവാസി വിഭാഗങ്ങളിൽ മുഖ്യം.

മന്നാന്മാരുടെ പൂർവ്വചരിത്രത്തിലേക്കു വെളിച്ചം വീശുന്ന ഒരു ഐതീഹ്യം നിലവിലുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് തമിഴ്നാട്ടിലെ മഹേന്ദ്രഗിരി ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ഗോത്രവർഗ്ഗ പരമ്പരയിലെ പിൻമുറക്കാരാണ് മന്നാന്മാർ. നാട്ടുരാജാക്കന്മാരുടെ കിടമത്സരം മൂലം ഈ ജനവിഭാഗം മധുരയിലേക്കു പലായനം ചെയ്തു എന്നു വിശ്വസിക്കപ്പെടുന്നു. മധുരയിൽ എത്തിച്ചേർന്ന ഈ വിഭാഗം അവിടെ കൂട്ടത്തോടെ താമസിക്കുകയും, വർഷങ്ങൾക്കുശേഷം ഒരു കോട്ട പണിതുയർത്തുകയും ചെയ്തു. "മന്നാൻകോട്ട" എന്നപേരിൽ ഒരു സ്ഥലം ഇന്നും മധുരയിൽ ഉണ്ട്. കാലക്രമേണ അവർ മധുര രാജാവിന്റെ അടിമകളായി മാറി.

മധുരയിലെ രഥോത്സവം അന്ന് പ്രസിദ്ധമായിരുന്നു. രഥം കെട്ടിവലിക്കാൻ ഉപയോഗിച്ചിരുന്ന നീളം കൂടിയ ചൂരൽ വള്ളികൾ ശേഖരിക്കാൻ അടിമകളായ മന്നാന്മാരെയാണ് രാജാവ് നിയോഗിച്ചത്. ദിവസങ്ങളോളം വനാന്തരങ്ങളിൽ സ്വതന്ത്രമായി കഴിയാൻ അവർക്കവസരം ലഭിച്ചു. സ്വാതന്ത്ര്യവാഞ്ച അവരിൽ അങ്കുരിച്ചു. അടിമത്തത്തിൽനിന്നും മോചനം ലഭിക്കാനുള്ള മാർഗ്ഗം വനങ്ങളിൽ അഭയം തേടുകയാണെന്നു മനസ്സിലാക്കിയ അവർ കൂട്ടത്തോടെ ഒളിച്ചോടി.

ഇങ്ങനെ മധുരയിൽ നിന്നും പലായനം ചെയ്ത ഇവർ വനമദ്ധ്യത്തിൽ വാസമുറപ്പിച്ചു. ഈ സ്ഥലം പിന്നീട് "മന്നാൻകണ്ടം" എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഇവിടെനിന്നും ചെറുഗ്രൂപ്പുകളായി പിരിഞ്ഞ് വിവിധപ്രദേശങ്ങളിൽ സംഘങ്ങളായി ഇവർ താമസിച്ചു. അതിലൊരു വിഭാഗമാണ് "ചുഴലിക്കണ്ടം"എന്നറിയപ്പെട്ടിരുന്ന വാഴത്തോപ്പിൽ എത്തിച്ചേർന്നത്.

ഒരിടത്തും സ്ഥിരമായി താമസിക്കുന്ന സ്വഭാവം ഇവർക്കില്ലായിരുന്നു. നായാട്ടും മീൻപിടുത്തവും ഉപജീവനമാർഗ്ഗങ്ങളായിരുന്നു. ക്രമേണ അംഗസംഖ്യ വർദ്ധിച്ചു. ഭക്ഷ്യ ദൗർലഭ്യം അനുഭവപ്പെട്ടു. സ്ഥിരമായി താമസിക്കേണ്ടത് അനിവാര്യമായിത്തീർന്നു. കാടു വെട്ടിത്തെളിച്ച് കൃഷി ചെയ്തു. ഒന്നു രണ്ടു വർഷം ഒരുസ്ഥലത്തു കൃഷി ചെയ്താൽ മറ്റൊരു സ്ഥലത്തേക്കു മാറുക ഇവരുടെ സ്വഭാവമായിരുന്നു.

മന്നാന്മാർ താമസിച്ചിരുന്ന വനപ്രദേശം തിരുവിതാംകൂർ രാജാവിന്റെ അധീനതയിലായിരുന്നു. മന്നാന്മാരുടെ തലവനായി അറിയപ്പെട്ടിരുന്ന ആളിന് "രാജമന്നാൻ" എന്ന സ്ഥാനപ്പേര് തിരുവിതാംകൂർ മഹാരാജാവ് കല്പിച്ചു നൽകി. വനവാസികളുടെ രാജാ പട്ടാഭിഷേകം ചെയ്തു സ്ഥാനചിഹ്നമായി അധികാരദണ്ഡും പട്ടും വളയും കിരീടവും നൽകി. കാട്ടിൽ രാജനീതി നടപ്പാക്കുന്നതിനുള്ള അധികാരവും ഇതോടൊപ്പം രാജമന്നാന് രാജാവിൽ നിന്നും ലഭിച്ചിരുന്നു. രാജമന്നാന്റെ ആസ്ഥാനം ആദ്യം കാഞ്ഞിയാറിലായിരുന്നു. ഇപ്പോൾ കോഴിമലയിൽ വാഴുന്നു. വാഴത്തോപ്പ് പഞ്ചായത്തിൽ മുളക്വള്ളിയിൽ താമസിച്ചിരുന്ന ശ്രീ പഞ്ചൻ നാഗമണി അവർകൾക്ക് സർക്കാർ കാണിപ്പട്ട നല്കിയിരുന്നു. മന്നാന്മാർ കൂട്ടത്തോടെ താമസിക്കുന്ന സ്ഥലത്തിന് "കുടി" എന്നു പറയുന്നു. ഓരോ കുടിക്കും ഓരോ തലവനുണ്ടായിരിക്കും. ഈ തലവനെ "കാണി" എന്നു വിളിക്കുന്നു. രാജമന്നാനാണ് ഓരോ കുടിയിലെയും തലവനെ നിശ്ചയിക്കുന്നത്.

വാഴത്തോപ്പിലേക്കുണ്ടായ ആദ്യത്തെ കുടിയേറ്റം ഈ വനപ്രദേശങ്ങളിൽ വസിച്ചിരുന്ന മന്നാന്മാരുടെ സാമൂഹ്യജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തി. രണ്ടാം ലോകമഹായുദ്ധം കൊടുംപട്ടിണിയുടെ രൂപത്തിൽ വിതച്ചപ്പോൾ "അധിക ഭക്ഷ്യോല്പാദന" പരിപാടിയുടെ ഭാഗമായി തൊടുപുഴ താലൂക്കിലെ വനഭൂമികളിലെ കൃഷിസാദ്ധ്യതയെപ്പറ്റി ഒരു കമ്മിറ്റി പഠിച്ച് റിപ്പോർട്ടു സമർപ്പിച്ചു. അതനുസരിച്ച് 1949 ഏപ്രിൽ 19ന് ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ 20 പേർക്കായി 72 ഏക്കർ വനഭൂമി അനുവദിച്ചു.

ഇടുക്കി ജലവൈദ്യുതപദ്ധതിക്ക് ആദിവാസിയായ കൊലുമ്പൻ നല്കിയ സംഭാവനയാണ് പഞ്ചായത്തിന്റെ വികസനത്തിന് ആക്കം കൂട്ടിയത്. ഏഷ്യയിലെ തന്നെ രണ്ടാമത്തെ ആർച്ച് ഡാം സ്ഥിതിചെയ്യുന്നത് നമ്മുടെ പഞ്ചായത്തിലാണ്. ഈ പദ്ധതിക്കനുയോജ്യമായ സ്ഥലം നിർദ്ദേശി

ച്ചത് ആദിവാസിയായ കൊലുമ്പനാണ്. അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്ന വെള്ളപ്പാറയിൽ ആ സ്മരണ നിലനിറുത്തുന്നതിന് ഒരു സ്മാരകം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ചെറുതോണി ഡാമിനു സമീപവും ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിച്ച് ഇടുക്കിയുടെ വഴികാട്ടിയെ നാം ആദരിച്ചിട്ടുണ്ട്. വാഴത്തോപ്പിലേക്കുള്ള ഗതാഗതം ഇന്നു കാണുന്ന രീതിയിൽ വികസിച്ചതും ഇടുക്കി പദ്ധതിയുടെ ഭാഗമായിട്ടാണ്.

കുളമാവിൽനിന്നും ചെറുതോണിയാറിന്റെ തീരത്തുകൂടി ഒരു ജീപ്പ് റോഡ് ഇക്കാലത്തു നിലവിൽവന്നു. ഇടുക്കി-പുളിയന്മല, ഇടുക്കി-മൂലമറ്റം, ഇടുക്കി-നേര്യമംഗലം എന്നീ റോഡുകൾ പഞ്ചായത്തിന്റെ പുരോഗതിക്കു വഹിച്ച പങ്ക് നിർണ്ണായകമാണ്.

ഇൻഡ്യാരാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിലേയും, ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയിലേയും ജീവനക്കാരായും, തൊഴിലാളികളായും, കോൺട്രാക്ടർമാരായും, കച്ചവടക്കാരായും എത്തിച്ചേർന്നവർ പൈനാവിലും പാറേമാവിലും ചെറുതോണിയിലുമായി താമസിച്ചു തൊഴിലെടുക്കുകയും ഈ നാടിന്റെ സാമ്പത്തിക, സാമൂഹിക, സാംസ്കാരികമണ്ഡലങ്ങളിൽ നിർണ്ണായകമായ പുത്തൻ ചരിത്രമെഴുതിച്ചേർക്കുകയും ചെയ്തു.

1972-ൽ ഇടുക്കി ജില്ല രൂപീകരിച്ചു. 1976-ൽ ജില്ലാ ആസ്ഥാനം കോട്ടയത്ത് ദേവലോകത്തുനിന്നും പൈനാവിലേക്കു മാറ്റി സ്ഥാപിച്ചു. 1976-ൽ മുൻപ്രധാനമന്ത്രി യശ്ശശരീരയായ ശ്രീമതി ഇന്ദിരാഗാന്ധി ഇടുക്കി പദ്ധതി രാഷ്ട്രത്തിനു സമർപ്പിക്കുകയും ചെയ്തതാണ്, ഈ നൂറ്റാണ്ടിലെ നമ്മുടെ പഞ്ചായത്തിലെ സുവർണ്ണലിപികളിലെഴുതേണ്ട ചരിത്രസംഭവം. ഈ രണ്ടു സംഭവങ്ങളും പഞ്ചായത്തിന്റെ വളർച്ചയ്ക്ക് പുതിയൊരേട് എഴുതിച്ചേർത്തു.

പട്ടയത്തിന് വേണ്ടിയും കുടിയിറക്കിനേതിരേയും നടന്ന പ്രക്ഷോഭങ്ങൾക്ക് എ.കെ.ജി., ഫാദർ വടക്കൻ തുടങ്ങിയവർ നൽകിയ നേതൃത്വം സ്മരണീയമാണ്.

ഉടുമ്പന്നൂർ പഞ്ചായത്തിന്റെ 8-ാം വാർഡായിരുന്നു വാഴത്തോപ്പ് പ്രദേശം. 1969-ലാണ് നമ്മുടെ പഞ്ചായത്ത് രൂപീകരിച്ചത്.

പഞ്ചായത്തതിർത്തിയിലെ ആദ്യത്തെ വിദ്യാലയം മണിയാറംകുടി ട്രൈബൽ എൽ.പി. സ്ക്കൂളായിരുന്നു. ഈ സ്ഥാപനമാണ് മണിയാറംകുടി ഗവ. ഹൈസ്കൂളായി ഉയർത്തിയത്. മുൻപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ എം.എം.കെ. വൈദ്യരുടെയും പഞ്ചായത്തു മെമ്പർമാരായ ശ്രീ.കെ.ജെ. ഐപ്പ്, ശ്രീ. ചിന്നതമ്പി ഇബ്രാഹിം, ശ്രീ. രാജു പെരിങ്കാല എന്നിവരുടെ പരിശ്രമഫലമായാണ് മണിയാറംകുടി ഹൈസ്ക്കൂൾ സ്ഥാപിതമായത്. ഈ പഞ്ചായത്തിൽ സ്ക്കൂൾ തലത്തിൽ 12 ഉം തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് ഒന്നും സ്ഥാപനങ്ങൾ ഉണ്ട്. പാരലൽ സ്ഥാപനങ്ങൾ വിദ്യാഭ്യാസരംഗത്ത് മുഖ്യപങ്ക് വഹിക്കുന്നു. കംപ്യൂട്ടർ ഇലക്ട്രോണിക് രംഗത്ത് സ്വകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഒരു പോളിടെക്നിക് അനുവദിച്ചിട്ടുള്ളത് 1996-ൽ തന്നെ പ്രവർത്തനം ആരംഭിക്കുമെന്നപ്രതിക്ഷയിലാണ്.

സഹകരണമേഖലയ്ക്ക് നല്ല വേരോട്ടമുള്ള പഞ്ചായത്താണിത്. ആരോഗ്യകേന്ദ്രങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, റോഡുകൾ തുടങ്ങി എല്ലാ മേഖലകളിലും ജനങ്ങളുടെ പങ്കാളിത്തമുണ്ട്. പള്ളികളും അവയുടെ നേതൃത്വത്തിലുള്ള വിദ്യാലയങ്ങളും ഇതിൽ മുഖ്യപങ്ക് വഹിക്കുന്നു.

മണ്ണിന്റെ ഫലഫൂയിഷ്ഠിത മണ്ണൊലിപ്പുമൂലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പുതിയ തലമുറ കാർഷിക രംഗത്ത് താല്പര്യംകാണിക്കാത്തത് നിരാശജനകമാണ്. കുരുമുളക് കൃഷി നാശോന്മുഖമാണ്. രോഗങ്ങൾ കൃഷിയെ ഗുരുതരമായി ബാധിക്കുന്നു.

നമ്മുടെ പഞ്ചായത്തിനെ ബാധിക്കുന്ന മുഖ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സുവർണ്ണാവസരം കൈവന്നിരിക്കുകയാണ്. ജനകീയാസൂത്രണപദ്ധതി ഫലപ്രദമായി ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾക്ക് ഒരു പുത്തൻശൈലി നമുക്ക് രൂപപ്പെടുത്തി എടുക്കാം.

മുൻപഞ്ചായത്ത് ഭരണസമിതികൾ

1970-1976 ആദ്യസമിതി. 20.7.1970. (നോമിനേറ്റഡ്)

ശ്രീ. എം.എം.കെ. വൈദ്യർ (പ്രസിഡന്റ്)
ശ്രീ. രാജു പെരിങ്കാല(ഗിരിവർഗ്ഗ പ്രതിനിധി)
ശ്രീ. ചിന്നത്തമ്പി ഇബ്രാഹിം
ശ്രീ. ഐയ്പ്പ് ഐയ്പ്പ്
ശ്രീ. ഡാനിയൽ V.J
ശ്രീ. കുര്യൻ കുര്യൻ

1976-1979

ശ്രീ. P.J. ജോർജ് പാലിയത്ത് (പ്രസിഡന്റ്)
ശ്രീ. M.J. ദേവസ്യ
ശ്രീ. P.V വർക്കി
ശ്രീ. അബ്ദുൾ ജബ്ബാർ
ശ്രീ. K.K. കുര്യാക്കോസ്
ശ്രീമതി. ഐഷാ ഇബ്രാഹിം
ശ്രീ. ശങ്കരൻ കുട്ടപ്പൻ

1979-1989

ശ്രീ. P. രാജൻ (പ്രസിഡന്റ്)
ശ്രീ. K.K. കുര്യാക്കോസ് കുത്തനാപ്പിള്ളിൽ (വൈസ്പ്രസിഡന്റ്)
ശ്രീ. ജോസ് പൂമറ്റം
ശ്രീ. K.M വർക്കി,കളപ്പുരയിൽ
ശ്രീ. ഗോപാലൻ പാണ്ടിച്ചി
ശ്രീ. രാമചന്ദ്രൻ അറയ്ക്കപ്പറമ്പിൽ
ശ്രീ. P.R. വിജയൻ

1989-1995

ശ്രീ. ജോയി വർഗ്ഗീസ് (പ്രസിഡന്റ്)
ശ്രീ. V.M. ജോസ്, വള്ളാടിയിൽ (വൈസ് പ്രസിഡന്റ്)
ശ്രീ. K.K. കുഞ്ഞുമോൻ
ശ്രീ. V.M. ബാലകൃഷ്ണൻ
ശ്രീമതി. A.C. മേരി
ശ്രീ. M.K. കാസിം
ശ്രീ. ജോയി ജോർജ്.
ശ്രീമതി ത്രേസ്യാമ്മ സബാസ്റ്റ്യൻ

ഭൂപ്രകൃതിയും വിഭവങ്ങളും

മലകൾ തിങ്ങിയ ഒരു പഞ്ചായത്താണിത്. മലകളുടെ ശരാശരി ഉയരം 3000 അടിയോളം ഉണ്ടാകും. മലകൾ, കുന്നുകൾ, കുത്തനെയുള്ള ചരിവുകൾ, താഴ്വരകൾ ഇവ ഇടകലർന്ന പ്രദേശം. കപ്പ, നെല്ല്, പുനംകൃഷി ഇവ ആദ്യകാല കൃഷികളായിരുന്നു. ആദ്യകാലത്ത് കാട്ടുമൃഗങ്ങളുടെ ശല്യം രൂക്ഷമായിരുന്നു. തുടർന്ന് കുരുമുളക്, റബ്ബർ, ഇഞ്ചി, കൊക്കോ, കാപ്പി തുടങ്ങിയ നാണ്യവിളകളിലേക്കുമാറി. ആദ്യകാലത്ത് ഈ കൃഷി വളരെ ലാഭകരമായിരുന്നു. കാലാവസ്ഥയിലുണ്ടായ മാറ്റം, രോഗബാധ, അശാസ്ത്രീയമായ കൃഷിരീതി, അമിതമായ രാസവളപ്രയോഗം തുടങ്ങിയ കാരണങ്ങളാൽ പടിപടിയായി കൃഷി ആദായകരമല്ലെന്നു വന്നു.

കർഷകർ തന്നാലാവുന്നവിധം അദ്ധ്വാനിക്കുന്നുണ്ട്. കൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിക്കുന്നില്ല. കൃഷിപ്പണികളോടുതന്നെ മടുപ്പുളവാക്കുന്ന അനുഭവങ്ങളുമുണ്ട്. എങ്കിലും ചിലമേഖലകളിൽ കൃഷി ലാഭകരമായി കണ്ടുവരുന്നുണ്ട്. തെങ്ങു കൃഷിക്കും വളരെസാദ്ധ്യതകളുള്ള പ്രദേശമാണ്.

മണ്ണൊലിപ്പുമൂലം കൃഷിഭൂമിയുടെ ഫലഫുയിഷ്ഠിത കുറഞ്ഞുവരുന്നു. രാസവളങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും അശാസ്ത്രീയമായ രീതിയിലാണു നടക്കുന്നത്. അതിനാൽ എല്ലാത്തരം ഉൽപ്പന്നങ്ങളുടെയും ഉല്പാദനക്ഷമത കുത്തനെ ഇടിഞ്ഞിട്ടുണ്ട്. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഈ രംഗത്ത് സഹകരണാടിസ്ഥാനത്തിലുള്ള സംഭരണ വിപണനകേന്ദ്രമാണ് അഭികാമ്യം. സ്വകാര്യകച്ചവടക്കാരുടെ ചൂഷണം അവസാനിപ്പിക്കാൻ ഇതാവശ്യമാണ്.

കാർഷികമേഖലയിൽ തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയുണ്ട്. മറ്റു മേഖലകളിൽ തൊഴിൽ തേടുന്ന അവസ്ഥയാണ് പൊതുവായി ദൃശ്യമാകുന്നത്.

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ 7 ആയി തിരിക്കാം.

1) കുന്നിൻമുകൾ സമതലം

2) ചരിവുപ്രദേശം

3) താഴ്വര

4) വനപ്രദേശം

5) റിസർവോയർ

6) നീർത്തട പ്രദേശങ്ങൾ

7) തരിശുപ്രദേശങ്ങൾ

ഈ വിഭാഗത്തിൽ ഓരോന്നിന്റേയും വിസ്തൃതി ചുവടെ ചേർക്കുന്നു.

	ഭൂപ്രകൃതി	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	കുന്നിൽമുകൾ സമതലം	1998. ചതു.മീ	10%
2.	ചരിവുപ്രദേശം	8194 ചതു.മീ	41%
3.	താഴ്വരപ്രദേശം	3996 ചതു.മീ	20%
4.	വനങ്ങൾ	5596 ചതു.മീ	28%
5.	റിസർവേഷൻ	200 ചതു.മീ	01%

ഉടമസ്ഥരുടെ എണ്ണം

അവലംബം വില്ലേജ് രേഖകൾ

	1-10 സെന്റ്	10-20 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനു മുകളിൽ	ആകെ
എണ്ണം	159	119	278	1390	954	953	119	
ശതമാനം	4	3	7	30	27	24	5	

1995

മാസം	പെയ്തമഴ M.M.
ജനുവരി	46.40
ഫെബ്രുവരി	21.10
മാർച്ച്	112.00
ഏപ്രിൽ	223.20
മെയ്	467.00
ജൂൺ	617.60
ജൂലൈ	803.20
ആഗസ്റ്റ്	826.20
സെപ്തംബർ	585.00
ഒക്ടോബർ	235.80
നവംബർ	196.50
ഡിസംബർ	

1996

മാസം	പെയ്തമഴ M.M.
ജനുവരി	20.20
ഫെബ്രുവരി	25.60
മാർച്ച്	
ഏപ്രിൽ	209.80
മെയ്	39.40
ജൂൺ	752.87
ജൂലൈ	1042.50
ഓഗസ്റ്റ്	1291.10
സെപ്തംബർ	1492.30
ഒക്ടോബർ	1603.10
നവംബർ	
ഡിസംബർ	

കാലവർഷം പൊതുവേ ശക്തമാണ്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ തുലാവർഷം ലഭിക്കുന്നുണ്ട്. മഴയുടെ ശരാശരി വാർഷിക ലഭ്യത ഇവിടെ കൊടുക്കുന്നു. പ്രധാനകൃഷികൾ അവയുടെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുക്കുന്നു.

1. കുരുമുളക്
2. തെങ്ങ്
3. റബ്ബർ
4. കോക്കോ
5. കാപ്പി
6. വാഴ
7. ഇഞ്ചി
8. നെല്ല്
9. മരച്ചീനി

കുരുമുളക്, റബ്ബർ, നെല്ല്, ഇവ മാത്രമേ തനിവിളകളായി കൃഷി ചെയ്യുന്നുള്ളൂ. ബാക്കിയെല്ലാം ഇടവിളകളായിട്ടാണ് കൃഷി ചെയ്യുന്നത്.

വിളകൾക്കുണ്ടാകുന്ന പ്രധാനരോഗങ്ങൾ

കുരുമുളക് - ദ്രുതവാട്ടം, കുമിൾരോഗം
തെങ്ങ് - കൂമ്പുചീയൽ, മഞ്ഞളിപ്പ്, മാഹാളി, കാറ്റുവീഴ്ച, ചെല്ലിക്കുത്ത്.
റബ്ബർ - പട്ടച്ചീയൽ, പട്ടമരവിപ്പ്
ഇഞ്ചി - തണ്ടുചീയൽ, തണ്ടുതുരപ്പൻ
കൊക്കോ - കുമിൾരോഗം
കാപ്പി - കുമിൾരോഗം, തണ്ടുതുരപ്പൻ
വാഴ - കൂമ്പടപ്പ്, കരിക്കൻ

ഭക്ഷ്യോല്പാദനം ഈ പഞ്ചായത്തിൽ പൊതുവെ കുറവാണ്. നെൽകൃഷിയും വളരെ ഫലപ്രദമായി നടക്കുന്നില്ല. പാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷിചെയ്യുന്ന പ്രവണത കണ്ടുവരുന്നുണ്ട്.

ഭൂവിനിയോഗപ്പട്ടിക

നമ്പർ	വിള	ഹെക്ടർ	ശതമാനം
1	കുരുമുളക്	1704.00	12%
2	റബ്ബർ	1136.00	8%
3	തെങ്ങ്	2840.00	20%
4	കൊക്കോ	2130.00	15%
5	കാപ്പി	852.00	6%
6	ഇഞ്ചി	710.00	5%
7	കമുക്	1846.00	13%
8	ഏലം	568.00	4%
9	വാഴ	1136	8%
10	പച്ചക്കറി	426	3%
11	കപ്പ	568.00	4%
12	നെല്ല്	142.00	1%
	ആകെ	14202	100%

1991ലെ കാനേഷുമാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 17483 ആണ്. ഇതിൽ 8919 പേർ പുരുഷന്മാരും 8564 പേർ സ്ത്രീകളുമാണ്.

പട്ടിക വർഗ്ഗക്കാരുടെ എണ്ണം 1121. അതിൽ 613 പുരുഷന്മാരും 508 സ്ത്രീകളും ഉൾപ്പെടുന്നു. പട്ടികജാതിക്കാർ 1523 ആണ്. 751 പുരുഷന്മാരും 772 സ്ത്രീകളും ഉൾപ്പെടുന്നു. സാക്ഷരരുടെ എണ്ണം 13754 ആണ്. അതിൽ 7238 പുരുഷന്മാരും 6516 സ്ത്രീകളുമാണ്.

തൊഴിൽ വിഭജനപട്ടിക

കൃഷിചെയ്യുന്നത്	കാർഷിക തൊഴിലാളികൾ	മൃഗസംരക്ഷണം വനംമേഖല	കല്ലുപൊട്ടിക്കൽ	വീട്ടുപകരണം ഉല്പാദനം, സംസ്ക്കരണ റിപ്പയറിംഗ്	വീട്ടുപകരണങ്ങളല്ലാത്തവയുടെ ഉല്പാദനം സംസ്ക്കരണം	നിർമ്മാണ ജോലി	ഗതാഗത സംഭരണം വാർത്താവിനിമയം	മറ്റു സേവനത്തുറകൾ	ഭാഗീകമായി തൊവിലുള്ളവർ	തൊഴിൽ രഹിതർ
28%	12%	5%	2%	1.5%	2%	16%	2%	23%		5.5%

വികസന റിപ്പോർട്ട് ശില്പശാല

പഠനയാത്രയിലൂടെ

1996 നവംബർ 15.

3900 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന പൈനാവ് മലമുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. M.K. പുരുഷോത്തമൻ ഉദ്ഘാടനം ചെയ്ത പഠനയാത്രാസംഘം രാവിലെ 9 മണിക്ക് യാത്ര ആരംഭിച്ചു. നേരെ വടക്കോട്ടുള്ള യാത്രയിൽ റോഡുകളേയോ, ഇടവഴികളേയോ, നടവഴികളേയോ ആശ്രയിക്കാതെ കുത്തനെയുള്ള ചരിവുകളിലൂടെയും, പാറക്കെട്ടുകളിലൂടെയും, കാട്ടുപ്രദേശങ്ങളിലൂടെയും ഉള്ള യാത്ര ഞങ്ങൾക്കൊരനുഭവം ആയിരുന്നു. പഠിക്കേണ്ടതെന്തൊക്കെ എന്ന് നേരത്തെ തീരുമാനിച്ചിരുന്നു. മണ്ണ്, ഭൂപ്രകൃതി, ജലലഭ്യത, ഭൂവിനിയോഗം, സസ്യാവരണം എന്നിവ കൂടാതെ മറ്റ് ഒട്ടനവധി സാദ്ധ്യതകളേയും, പരിമിതികളെയും കുറിച്ച് പഠിക്കുന്നതിന് യാത്രാവേളയിൽ കഴിഞ്ഞു. അപ്പോഴപ്പോൾ പഞ്ചായത്ത് മാപ്പിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോടൊപ്പം വഴിവക്കിലെ വീടുകളിലും കടകളിലുമൊക്കെ കയറി ജനകീയാസൂത്രണത്തിന്റെ പ്രസക്തിയും, ലക്ഷ്യവും, പ്രവർത്തനങ്ങളും വിവരിക്കുന്നതിനും പഠനയാത്രക്കൊപ്പം പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിഞ്ഞു.

ഒന്നാം ദിവസം പൈനാവിൽ നിന്നും 1-ാം വാർഡിലെ (കരിമ്പൻ) കുട്ടപ്പൻ സിറ്റിവരെ (കഞ്ഞിക്കുഴി അതിർത്തി) യാത്ര ചെയ്തു പഞ്ചായത്ത് ഓഫീസിന് സമീപമുള്ള മുല്ലക്കാനം പ്രദേശത്തെ നീരൊഴുക്കിന്റെ സാദ്ധ്യതയും, വനപ്രദേശവും പ്രത്യേക പഠനം അർഹിക്കുന്നു. അവിടെ ഒരു കാർഷികഗവേഷണകേന്ദ്രത്തിനുള്ള സാദ്ധ്യതയുണ്ട്. 18 കിലോമീറ്റർ ദൂരമാണ് 1-ാം ദിവസം താണ്ടിയത്. 2-ാം ദിവസം 3-ാം വാർഡ് (ഇടുക്കി) വെള്ളക്കയത്ത് നിന്ന് (മറിയാപുരം അതിർത്തി) കിഴക്കോട്ടുള്ള യാത്രയിൽ 9-ാം വാർഡ് (മഞ്ഞപ്പാറ) നൂറ്റിയപ്പൻവരെ യാത്രചെയ്തു. ഈ രണ്ട് സ്ഥലവും തമ്മിൽ 21 കിലോമീറ്റർ ദൂരമുണ്ട്. ഭൂമിശാസ്ത്രപരമായും ഭൂപ്രകൃതിയുടെ വൈവിധ്യം കൊണ്ടും കാലാവസ്ഥയിലെ മാറ്റങ്ങൾ കൊണ്ടും വ്യത്യസ്തത പുലർത്തുന്ന ഈ പഞ്ചായത്തിന്റെ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയാൽ ഏറെ വികസനസാദ്ധ്യതയുണ്ട്. തദ്ദേ

പഞ്ചായത്തിന്റെ

ചില കോണുകളിൽ മാത്രം വികസനങ്ങൾ എത്താറുള്ളു എന്നത് ജനകീയാസൂത്രണത്തിലൂടെ പരിഹരിക്കാവുന്നതാണ്.

തെക്ക് നിന്ന് വടക്കോട്ടും കിഴക്ക് നിന്ന് പടിഞ്ഞാറോട്ടും ഉള്ള പഠനയാത്രകളുടെ ട്രാൻസെക്ടുകൾ

1ാം പഠനചലനം (തെക്ക് - വടക്ക്) 15-11-1996




2.10 പഠനപര്യടനം (കിഴക്ക് - പടിഞ്ഞാറ്)
3400
3300
3200
3100
3000
2900
2800
2700
2600
2500
2400
2300
2200
2100
2000
1900
1800
തൈക്കാട്ടുശ്ശേരി
കുരിശുപ്പാറ
പഞ്ചിനാംപാറ
കുമിയാട്ടുകുന്നം
മണിയാനൻകുടി
വാസുപുരം
തൊണ്ടനാട്ടുകുന്നം
1 1/2 KM
2 1/2 KM
3 1/2 KM
4 1/2 KM
5 1/2 KM
6 1/2 KM
7 1/2 KM
8 1/2 KM
9 1/2 KM
10 1/2 KM
11 1/2 KM
12 1/2 KM
13 1/2 KM
14 1/2 KM
15 1/2 KM
16 1/2 KM
17 1/2 KM
18 1/2 KM
19 1/2 KM
20 1/2 KM
21 1/2 KM

കൃഷിയും ജലസേചനവും

വാഴത്തോപ്പ് ചുഴലിക്കണ്ടം ആയിരുന്ന കാലത്ത് ആദിവാസികൾ പുനംകൃഷി ചെയ്തിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനോടനുബന്ധിച്ചുണ്ടായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി "ഗ്രോമോർഫുഡ്" പദ്ധതിയുടെ ഭാഗമായി വാഴത്തോപ്പിൽ ആദ്യകാല കർഷകർ കടന്നുവന്നു. അലോട്ട്കിട്ടിയ ചതുപ്പുനിലങ്ങളിൽ നെൽകൃഷിയോടൊപ്പം കാടുവെട്ടി കരകൃഷി ചെയ്തു. വാഴ, കാപ്പി, കപ്പ ഇവയായിരുന്നു മുഖ്യകൃഷികൾ. അലോട്ടിനു വെളിയിൽ ഫോറസ്റ്റുദ്യോഗസ്ഥന്മാരുടെ ഇടപെടൽമൂലം കൃഷി ദുസ്സഹമായിരുന്നതിനാലും പെട്ടെന്നുള്ള വരുമാന ലഭ്യത കൊണ്ടും തെരുവപ്പുല്ല് കൃഷി വ്യാപകമായി.

തിരുവിതാംകൂറിൽ കുരുമുളകിനുണ്ടായ വിലക്കയറ്റം കൃഷിക്കാരെ കുരുമുളകു കൃഷിക്ക് പ്രോത്സാഹനമായി. അതോടൊപ്പം തങ്ങൾ പാരമ്പര്യമായി ശീലിച്ചുവന്ന കൃഷിരീതികളും കുടിയേറ്റമേഖലയിൽ അവർ അവലംബിച്ചു. സമ്മിശ്ര കൃഷി രീതികൾ അവലംബിച്ചതുമൂലം ദൈനംദിനാവശ്യങ്ങൾ സാധിച്ചുവെങ്കിലും സാമ്പത്തികമായി വളരെ പിന്നോക്കം പോയി. ഈ കൃഷിരീതി തന്നെയാണ് മിക്ക ഭാഗങ്ങളിലും തുടർന്നുവരുന്നത്. ഇവയുടെ ആവർത്തന കൃഷിമൂലം മണ്ണൊലിപ്പ് വർദ്ധിച്ച് ഫലപുഷ്ടി നഷ്ടപ്പെട്ടു. ഈ ദുരന്തം തിരിച്ചറിയാതെ വൻതോതിൽ വനം നശീകരണം നടത്തി ഇതേകൃഷി രീതികൾ തുടരേണ്ട ധർമ്മ സങ്കടത്തിലായിരുന്നു കർഷകർ.

കൃഷിവകുപ്പിന്റെ സാധു കുരുമുളകുകൃഷി പുനരുദ്ധാരണ പദ്ധതിയിലൂടെ കുരുമുളകുകൃഷി വ്യാപകമാക്കുകയും, റബ്ബർ ബോർഡിന്റെ സഹായത്തോടുകൂടി റബ്ബർ കൃഷി സജീവമാകുകയും ചെയ്തു. നാല്പതുകളിൽ കുടിയേറിയ കർഷകർക്ക് 1965-ൽ രൂപീകൃതമായ സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം ഏറെ സഹായകരമായിരുന്നു.

ഇടുക്കി ജലവൈദ്യുതപദ്ധതിയുടെ ആവിർഭാവത്തോടെ ആയിരക്കണക്കായ ജനങ്ങളുടെ വരവ് കാർഷികവിളകൾക്കും, പശു, ആട്, കോഴി ഇവയുടെ പരിപാലനരംഗത്തും പുത്തൻ ഉണർവ്വുണ്ടായി. കർഷകർക്കുണ്ടായിരുന്ന പ്രതിസന്ധി ഒട്ടൊക്കെ പരിഹരിക്കാൻ ഇത് സഹായകമായി.

കൃഷിഭൂമിക്ക് പട്ടയം ലഭിക്കാത്തതുമൂലം കൃഷിയിടത്തിൽ കൃഷിക്കാർ അന്യവല്ക്കരിക്കപ്പെടുന്നു. കാർഷിക വികസനത്തെ സഹായിക്കേണ്ട ധാരാളം ധനകാര്യസ്ഥാപനങ്ങളും ഏജൻസികളും ഉണ്ടായിട്ടും കൃഷിക്കാർ അനുദിനം കടക്കെണിയിൽ പെട്ടിരിക്കുകയാണ്. മണ്ണിന്റെ ഘടനക്കും കാലാവസ്ഥക്കും അനുയോജ്യമായ കൃഷിരീതികൾ സ്വീകരിക്കുന്നതിന് ഈ അവസ്ഥയിലും ആളുകൾ തയ്യാറായിട്ടില്ല. ഉല്പാദനക്ഷമത ഉയരാത്തതുമൂലം കാർഷിക മേഖലയുടെ മുരടിപ്പ് നിലനില്ക്കുകയാണ്.

പ്രശ്നങ്ങൾ

1. ഭൂരിഭാഗം കൃഷിഭൂമിക്കും പട്ടയം ലഭിച്ചിട്ടില്ല.
2. മണ്ണുസംരക്ഷണത്തിനാവശ്യമായ നടപടികളുടെ അഭാവം.
3. ശാസ്ത്രീയമായ മണ്ണുപരിശോധനയുടെ കുറവ്.
4. നല്ല വിത്തിനങ്ങളുടെ അഭാവം.
5. അശാസ്ത്രീയമായ കൃഷിരീതികളും പദ്ധതികളും.
6. ജലസേചനത്തിന്റെ കുറവ്.
7. ഉല്പാദനക്ഷമതയുടെ കുറവ്.
8. കൃഷിവകുപ്പിന്റെ സജീവമായ ഇടപെടൽ ഇല്ലാത്ത അവസ്ഥ.
9. വില സ്ഥിരതയില്ലായ്മ.
10. വിപണനമേഖലയിലെ ചൂഷണം.
11. കാർഷികമേഖലയിലെ പുനർനിക്ഷേപമില്ലായ്മ.
12. കാർഷികോല്പന്നങ്ങളുടെ ശാസ്ത്രീയമായ സംഭരണ സൗകര്യമില്ലായ്മ.
13. അമിതമായ രാസവള, കീടനാശിനി പ്രയോഗം.
14. രോഗനിവാരണ മാർഗ്ഗങ്ങളുടെ അഭാവം.
15. ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ ലഭ്യമല്ല.
16. വായ്പകൾ യഥാസമയം ലഭിക്കുന്നില്ല.
17. സംഘബോധമില്ലായ്മ.

18. തൊഴിലാളികളുടെ ലഭ്യതയിലുള്ള കുറവ്.
19. കൃഷി മാന്യമായ തൊഴിലല്ല എന്ന വിചാരം.
20. കൃഷി ഭൂമി തുണ്ടുതുണ്ടായി വിഭജിക്കപ്പെടുന്നു.
21. വന്യജീവികൾ കൃഷി നശിപ്പിക്കുന്നു.
22. സംരക്ഷണഭിത്തിയുടെ കുറവ്.
23. കടബാധ്യത വർദ്ധിക്കുന്നു.
24. സമഗ്രമായ വിള ഇൻഷുറൻസിന്റെ അഭാവം.
25. വൈദ്യുതി ലഭിക്കാത്ത സ്ഥിതി.
26. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത.

സാധ്യതകൾ

1. പട്ടയം അടിയന്തിരമായി ലഭ്യമാക്കുക.
2. പശ്ചിമഘട്ടവികസനവുമായി ബന്ധപ്പെടുത്തി കയ്യാലകൾ തീർക്കുക. കോണ്ടൂർ ലൈൻ, മൺകയ്യാല, പുല്ലുകയ്യാല, ട്രഞ്ചുകൾ തീർക്കുക, തടയണകൾ തീർക്കുക ഇവ മാതൃകയാക്കാം. ജനപങ്കാളിത്തത്തോടും പൂർണ്ണ സർക്കാർ സഹായത്തോടും നടപ്പാക്കാൻ ശ്രമിക്കണം.
3. കൃഷിക്കാർ വെയ്ക്കുന്ന കയ്യാലകളുടെ മുടക്കുമുതൽ കൃഷിഭവനുകളിലൂടെ നല്കുക.
4. ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ ഈറ്റ, മുള എന്നിവ വെച്ചുപിടിപ്പിക്കുക.
5. കാറ്റുകൂടുതലുള്ള ഉയർന്ന പ്രദേശങ്ങളിൽ നാടൻ ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ച് കൃഷിയോഗ്യമാക്കുക.
6. മണ്ണൊലിപ്പു തടയുന്നതിനുള്ള കാർഷികവിളകളുടെ ഗുണനിലവാരമുള്ള വിത്തുകൾ കൃഷിഭവനുകളിലൂടെ വിതരണം ചെയ്യുക.
7. കടുംകിള കൃഷിരീതി ഒഴിവാക്കാൻ ബോധവല്ക്കരണം നടത്തുക.
8. നാരുവേരുകൾ, കൂടുതലുള്ള തെങ്ങ്, കമുക് ഇവ മണ്ണൊലിപ്പ് കൂടുതലുള്ള പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കുക.
9. വനനശീകരണം ഉണ്ടായ പ്രദേശങ്ങളിൽ ജനസഹകരണത്തോടെ വനവല്ക്കരണം നടത്തുക.
10. വൈവിധ്യമുള്ളതും, പ്രതിരോധശേഷിയുള്ളതുമായ വിത്തിനങ്ങൾ കൃഷി ചെയ്യുക. ശാസ്ത്രീയ പരിശീലനം കൃഷിക്കാർക്കു നല്കുക.
11. പഞ്ചായത്തു തലത്തിൽ മാതൃകാ കൃഷിത്തോട്ടങ്ങൾ, വിത്തുല്പാദന കേന്ദ്രങ്ങൾ ഇവ ആരംഭിക്കുക.
12. വേനൽക്കാലങ്ങളിൽ പുതയിടീൽ പ്രോത്സാഹിപ്പിക്കുക.
13. ജൈവവളം (ജീവാണുവളം, കമ്പോസ്റ്റ്, മണ്ണിര) അതാതുകൃഷിയിടങ്ങളിൽ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം നല്കുക.
14. ശാസ്ത്രീയമായ മണ്ണുപരിശോധനക്കുശേഷം മാത്രം രാസവളപ്രയോഗം നടത്തുക.
15. പരിസ്ഥിതിക്കനുയോജ്യമായ ജൈവവൈവിധ്യമുള്ള കൃഷികൾ ചെയ്യുക.
16. കൃഷിഭവന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
17. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് നടപ്പാക്കുക.
18. വാർഡടിസ്ഥാനത്തിൽ കർഷകസംരക്ഷണ സമിതികൾ രൂപീകരിക്കുക. ഉല്പന്നങ്ങൾ സംരക്ഷണ സമിതികൾ ന്യായമായവിലക്ക് വാങ്ങുക. ഇതിനാവശ്യമായ സാമ്പത്തിക സഹായം ബാങ്കുകൾ സംരക്ഷണ സമിതികൾക്കു നല്കുക.
19. പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അടുക്കളതോട്ടങ്ങൾക്കാവശ്യമായ വിത്ത്, ജൈവവളം, ജൈവകീടനാശിനികൾ ഇവ സൗജന്യമായി നല്കുക. നല്ല കൃഷി തോട്ടത്തിന് സമ്മാനം നല്കുക. പഞ്ചായത്തിൽ ഒരു മാതൃകാ പച്ചക്കറി തോട്ടം സ്ഥാപിക്കുക.
20. തോടുകൾക്ക് ഇരുവശവും സംരക്ഷണഭിത്തി കെട്ടുക. തെങ്ങ്, തഴ പോലുള്ള കൃഷിയിനങ്ങൾ നട്ട് മണ്ണിടിച്ചിൽ തടയുക.
21. നീർമറി പ്രദേശങ്ങളായ താന്നിക്കണ്ടം, വാഴത്തോപ്പ്, മുല്ലക്കാനം, മണിയാറംകുടി, പെരുങ്കാല, മഞ്ഞപ്പാറ, കരിമ്പൻകാനം, കൊക്കരക്കുളം എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക.
22. എലി, കീടങ്ങൾ എന്നിവയിൽ നിന്നും കൃഷി

യെ സംരക്ഷിക്കുന്നതിന് കൂട്ടായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

23. രാസകീടനാശിനി പ്രയോഗങ്ങൾ പരമാവധി കുറച്ചുകൊണ്ട് ജൈവകീടനിയന്ത്രണമാർഗ്ഗങ്ങൾ നടപ്പാക്കുക.

24. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുന:കൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. തെങ്ങുകൃഷി പരമാവധി പ്രോത്സാഹിപ്പിക്കുക.

25. ആദിവാസി മേഖലകളിൽ ഔഷധ കൃഷി പ്രോത്സാഹിപ്പിക്കുകയും, സംസ്കരിച്ച് പായ്ക്കറ്റാക്കി വില്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

26. സഹകരണ സ്ഥാപനങ്ങൾ കുറഞ്ഞ പലിശക്ക് മധ്യകാല - ദീർഘ കാല വായ്പകൾ നടപ്പാക്കുക.

27. ദേശസാൽകൃത ബാങ്കുകൾ വായ്പാനയം ഉദാരമാക്കുക.

28. കർഷകന് ആവശ്യമുള്ള സമയത്തുതന്നെ വായ്പ നല്കാൻ നടപടി ഉണ്ടാവണം.

29. ഉല്പന്നങ്ങളുടെ ഈടിന്മേൽ വായ്പ നല്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

30. ആൾ ജാമ്യത്തിലും, കൈവശാവകാശത്തിന്റെ ഈടിന്മേലും കാർഷികവായ്പ നല്കുക.

31. മുല്ലക്കാനത്ത് ഒരു കാർഷിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുക.

32. ജലസേചനത്തിന് ചെക്കു ഡാമുകളും, കുളങ്ങളും നിർമ്മിക്കുക.

33. നീർമറി പ്രദേശങ്ങൾ സംരക്ഷിക്കുക.

34. തടയണകളും, ട്രഞ്ചുകളും നിർമ്മിക്കുക.

35. കാവുകൾ, ചതുപ്പുകൾ, കുളങ്ങൾ, കിണറുകൾ, ഉരുൾ പൊട്ടിയ സ്ഥലങ്ങൾ തുടങ്ങിയവ സംരക്ഷിക്കുക.

36. ജലത്തെ സംഭരിച്ചു നിർത്തുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.

37. ജൈവവൈവിധ്യമുള്ള കൃഷിയിലൂടെ കൃഷിയിടങ്ങളിലെ ആവാസവ്യവസ്ഥ സമതുലിതമാക്കുക.

38. പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുക.

39. റബ്ബർ ബോർഡിന്റെ പ്രവർത്തനം വ്യാപകമാക്കുന്നതിനുള്ള ശ്രമം നടത്തുക.

40. കൂൺകൃഷി, പുഷ്പകൃഷി, സുഗന്ധവിളകൃഷി, ഔഷധചെടി കൃഷി എന്നിവക്ക് പരിശീലനവും, സാമ്പത്തികസഹായവും ചെയ്യുക.

41. കൃഷിയിടങ്ങളെ വന്യജീവികളിൽ നിന്നും രക്ഷിക്കുന്നതിനുള്ള കമ്പിവേലികൾ ശബ്ദം പുറപ്പെടുവിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ ഇവ ഉപയോഗപ്പെടുത്തുക.

42. വാഴത്തോപ്പിൽ ഒരു കാർഷിക കോളേജ് അനുവദിക്കുക.

43. കാർഷിക സർവകലാശാല ഒരു സെയിൽസ് കൗണ്ടർ വാഴത്തോപ്പിൽ തുറക്കുക.

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

6.1 പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികളുടെ വിവരങ്ങൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണം (ഹെ)	മറ്റു വിവരങ്ങൾ
1	2	3	4	5	6	7
1.	Construction of Irrigation Pornd manyaramkudy	13-3-95	28-2-96	Two Laksh	43.5 ഏക്കർ	
2.	Side Protection Work. Papara, Pinavethode Ward No. 5	26-8-94	25-8-95	1.5: Laksh	210 Metre	

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

6.1 പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികളുടെ വിവരങ്ങൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണം (ഹെ)	മറ്റു വിവരങ്ങൾ
1	2	3	4	5	6	7
3.	Palkulamthode, Chettanipadam, Side Protection	12-1-94	22-3-94	2. Lakh	220 Metre.	
4.	Palkulamthode Ampattupadam Side Protection	12 - 1 - 94	5-4-94	2 Lakh	200 metre	
5.	Cross bar, Manyaran Kudy tribal Colony	3-2-94	28-9-94	3 Lakh and 30000 രൂ.	33.90 ഏക്കർ	
6.	Kokkarakulam Manjapara Irrigation Pornd	26-4-94	25-7-95	2 Lakh	25 ഏക്കർ	
7.	Karimpan Irrigation Pornd	15-1-94	2-6-94	2 Lakh	26 ഏക്കർ	

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

6.2 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിടജലസേചന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണം (ഹെ)	എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക	ലക്ഷ്യം
1	2	3	4	5
1.	Palkulamthode Cross bar	50 ഏക്കർ	3 Lakh	ജലസേചനം
2.	Side Protection, Palkulamthode	140 metre	2 Lakh	കൃഷിസംരക്ഷണം
3.	Side Protection, Paparathode Vard No: II	210 metre	3 Lakh	കൃഷിസംരക്ഷണം
4.	Side Protection Vazhathopethode (George Vipan)	60 metre 310 metre	40000 രൂപ. 4 Lakh	കൃഷിസംരക്ഷണം കൃഷിസംരക്ഷണം
5.	Pounding and leading Channel at Nellippuzha Kavala	25 ഏക്കർ	2 Lakh	കുടിവെള്ളം
6.	Pounding, Bhoomiyamkulam Chennapara	25 ഏക്കർ	2 Lakh	കുടിവെള്ളം
7.	Leading Channel at Maniyaramkudy ജില്ലാ പ്ലാനിംഗ് ആഫീസിലേക്ക് അയച്ചിട്ടുണ്ട്	40 ഏക്കർ	4 Lakh	കുടിവെള്ളം
8.	Side Protection at Thakarappilly Purayidam Manjarankudy thode	150 metre	1.5 Lakh	കൃഷിസംരക്ഷണം
9.	Thottiyil Purayidam, Irrigation Pornd Vard No: VIII	25 ഏക്കർ	2 Lakh	ജലസേചനം
10.	Pappara Thodu side protection paddy sector Vard No. V	25 ഏക്കർ	4 Lakh	കൃഷിസംരക്ഷണം

മൃഗസംരക്ഷണം

കൃഷിയുടെ അവിഭാജ്യഘടകം എന്ന നിലയിലാണ് കന്നുകാലിവളർത്തൽ ആരംഭിക്കുന്നത്. പാലുല്പാദനത്തിനുപുറമെ നിലമുഴുകുക, കൃഷിക്കാവശ്യമായ ജൈവവളലഭ്യത ഉറപ്പാക്കുക എന്നിവയും ഈ രംഗത്തെ ലക്ഷ്യങ്ങളായിരുന്നു.

ഇൻഡോസിസ് പ്രോജക്ടിന്റെ ഭാഗമായുള്ള കൃത്രിമബീജസങ്കലന കേന്ദ്രം ആരംഭിച്ചതോടുകൂടി സങ്കരയിനം പശുക്കളുടെ പ്രചാരം വർദ്ധിക്കുകയും പാലുല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാവുകയും ചെയ്തു.

കാർഷികരംഗത്തുണ്ടായ മുരടിപ്പ് കന്നുകാലിവളർത്തുന്നതിന് വ്യാപകമായ പ്രചാരം ലഭിക്കുന്നതിന് കാരണമായി. പക്ഷേ സങ്കരയിനം പശുക്കളുടെ പാലുല്പാദനശേഷി പരീക്ഷണശാലയിലെ നിലവാരത്തോളം പ്രായോഗികമായി ഉയർന്നതായിരുന്നില്ല.

പ്രശ്നങ്ങൾ

1. കാലാവസ്ഥക്കനുയോജ്യമായ ഉല്പാദനക്ഷമതയുമുള്ള കാലികളുടെ ലഭ്യതക്കുറവ്.
2. അശാസ്ത്രീയമായ പരിപാലനരീതി.
3. കാലിത്തീറ്റയുടെ അമിതവില.
4. തീറ്റപ്പുൽകൃഷിയുടെ അഭാവം.
5. വിപണനത്തിനുള്ള അസൗകര്യങ്ങൾ.
6. ഉല്പാദനച്ചിലവിന്റെ വർദ്ധനവ്.
7. കാലിരോഗങ്ങൾ.
9. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗികസംവിധാനത്തിന്റെ അഭാവം.
10. വൃത്തിയും, വെടിപ്പുമുള്ള സുരക്ഷിതമായ കാലിത്തൊഴുത്തില്ല.
11. ശാസ്ത്രീയമായ അറവുശാലകൾ ഇല്ല.
12. മൃഗപരിപാലനത്തിനാവശ്യമായ പരിശീലനം കർഷകർക്കു ലഭിക്കുന്നില്ല.
13. കോഴിക്കുഞ്ഞുങ്ങൾ, പന്നി, മുയൽ ഇവ ലഭ്യമാക്കുന്ന നെഴ്സറികൾ ഇല്ല.
14. മുട്ട ഉല്പാദനം ഉപഭോഗത്തേക്കാൾ വളരെ കുറവാണ്.
15. വളർത്തു മൃഗങ്ങളുടെ പേവിഷബാധ.
16. മൃഗങ്ങളുടെ ഇൻഷുറൻസ് വ്യാപകമല്ല.
17. മൃഗസംരക്ഷണത്തിന് സാമ്പത്തിക പരാധീനതകളുണ്ട്.
18. മത്സ്യകൃഷിക്ക് ഉള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല. മത്സ്യ നെഴ്സറിയില്ല.

സാധ്യതകൾ

1. ഉല്പാദനശേഷിയുള്ള കന്നുകാലികളെ ശാസ്ത്രീയമായി വളർത്തുന്നതിനുള്ള പരിശീലനം ലഭ്യമാക്കുക.
2. മൃഗസംരക്ഷണത്തിനാവശ്യമായ ദീർഘകാല വായ്പകൾ.
3. ലഭ്യമായ പ്രാദേശികവിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ ഉല്പാദിപ്പിക്കാനുള്ള ഫാക്ടറി കരിമ്പനിയിൽ സ്ഥാപിക്കുക. കപ്പ, ചക്കക്കുരു, റബ്ബർകായ, കാപ്പിത്തൊണ്ട് തുടങ്ങിയവ ഉപയോഗിച്ച് ഇതു നിർമ്മിക്കാം. ഇതുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാം.
4. മാംസാവശ്യത്തിനായി മൂരിക്കിടാങ്ങളെ വളർത്തിക്കൊണ്ടുവരുവാനുള്ള അവബോധം ഉണ്ടാക്കുക.
5. തോൽ, രക്തം, എല്ലുപൊടി ഇവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുക.
6. കോഴിമുട്ട, ഇറച്ചി ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക.
7. അടുക്കള മുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.
8. കോഴി, പന്നി, മത്സ്യം ഇവ ചേരുന്ന പരസ്പര ബന്ധിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക.
9. തരിശുപ്രദേശങ്ങൾ, മൺകയ്യാല തുടങ്ങിയ പ്രദേശങ്ങളിൽ തീറ്റ പുൽകൃഷി പ്രോത്സാഹിപ്പിക്കുക.
10. മൃഗാശുപത്രിയുടെ ഉപകേന്ദ്രങ്ങൾ പൈനാവ്, മണിയാറംകുടി, പേപ്പാറ, കരിമ്പൻ എന്നിവിടങ്ങളിൽ ആരംഭിക്കുക.

11. വളർത്തു മൃഗങ്ങളുടെ രോഗങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുക.
12. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തുനായ്ക്കൾക്ക് ലൈസൻസും, പ്രതിരോധകുത്തിവയ്പും നിർബ്ബന്ധമാക്കുക.
13. പേവിഷബാധക്കുള്ള മരുന്ന് കുറഞ്ഞ വിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കുക.
14. egger നഴ്സറികൾ ഉണ്ടാവണം.
15. കൃഷിക്കാർക്ക് ബോധവല്ക്കരണക്ലാസ്സുകൾ നല്കുക.
16. സ്കൂൾ കുട്ടികളെ സംഘടിപ്പിച്ച് പൗൺട്രി ക്ലബ്ബുകൾ രൂപീകരിക്കുക.
17. ബയോഗ്യാസ് പ്ലാന്റുകൾ പരമാവധി സ്ഥാപിക്കുക.
18. പുൽമേടുകളുമായി ബന്ധപ്പെട്ട ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക.
19. ശാസ്ത്രീയമായ സംവിധാനത്തോടെ അറവുശാലകൾ സ്ഥാപിക്കുക.
20. ലൈസൻസില്ലാത്ത വിത്തു കാളകളുടെ വരി ഉടയ്ക്കുക.

വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും വിവരങ്ങൾ

വാർഡ്	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	കുത്തിവച്ച പട്ടി(പേപ്പട്ടി വിഷത്തിനെതിരെ)	ഒന്നിൽ അധികം ബീജ സങ്കലനം	ആകെയുള്ള സങ്കലനം
ഒന്ന്	1412	240	600	320	60	—	35	31	3024
രണ്ട്	1140	260	557	282	54	620			
മൂന്ന്	327	446	31	—	—	—			
നാല്	247	62	74	96	87	—			
അഞ്ച്	1028	526	93	158	—	—			
ആറ്	—	—	—	—	—	—			
ഏഴ്	320	162	18	—	—	—			
എട്ട്	420	93	172	—	—	—			
ഒൻപത്	290	72	—	—	—	620			

വളർത്തു മൃഗസംഖ്യ

കാള നാടൻ	കാള സങ്കരം	പശു നാടൻ	പശു സങ്കരം	എരുമ	പോത്ത്	ആട്		പന്നി	പട്ടി
						പെൺ	ആൺ		
237	398	1011	12027	981	188	4212	1212	1234	4202

വളർത്തുപക്ഷി സംഖ്യ

മേൽത്തരം കോഴി	നാടൻ കോഴി	താറാവ്
2324	24312	89

വളർത്തു മൃഗങ്ങളുടെയും പക്ഷികളുടേയും രോഗ വിവരങ്ങൾ

	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	കോഴി
1.	ദഹനസംബന്ധമായവ	1441	381	612	28	52
2.	ശ്വാസകോശസംബന്ധമായവ	212	42	51	—	58
3.	ത്വക്ക്രോഗം	18	8	7	—	
4.	വന്ധ്യത	328	121	21	—	—
5.	മുടന്തൻപനി	206	12	112	—	—
6.	അകിടുവീക്കം	114	58	28		
7.	പരിദരോഗങ്ങൾ	1214	92	31	—	—
8.	പ്രത്യുത്പാദനവുമായി ബന്ധപ്പെട്ടവ	312	88	181	—	
9.	ധാതുലവണങ്ങളുടെ അഭാവം	151	8	11	46	—

വികസന റിപ്പോർട്ട് പഞ്ചായത്ത് സമിതിക്ക് കൈമാറുന്നു.

വ്യവസായം

വാഴത്തോപ്പ് പഞ്ചായത്ത് വ്യവസായരംഗത്ത് ഏറെ പിന്നോക്കമാണ്. ചെറുകിടമേഖലയിൽ അങ്ങിങ്ങായി ചില വ്യവസായങ്ങൾ ഉണ്ട്. മൊത്തം ജനങ്ങളിൽ ചെറിയൊരു വിഭാഗമേ ഈ മേഖലയിൽ പ്രവർത്തിയെടുക്കുന്നുള്ളു. അതുതന്നെ വർഷം മുഴുവൻ പ്രവർത്തിക്കുന്ന യൂണിറ്റുകൾ വളരെ കുറവുമാണ്.

കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നല്ല സാധ്യതയുണ്ട്. വ്യവസായ സംരംഭകരുടെ താല്പര്യങ്ങൾ നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള സമീപനങ്ങളാണ് വിവിധ വകുപ്പുകളും, ധനകാര്യസ്ഥാപനങ്ങളും, വൈദ്യുതി ബോർഡും സ്വീകരിക്കുന്നത്. ഇത്തരം നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടത് അത്യാവശ്യമാണ്. സഹകരണാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾക്ക് പ്രതിസന്ധികളെ കുറേക്കൂടി അതിജീവിക്കാൻ കഴിയും. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വ്യവസായ വികസനസമിതി രൂപീകരിക്കുകയും, ശാസ്ത്രീയതൊഴിൽ പരിശീലനം, ആധുനിക യന്ത്രവല്ക്കരണം, ഗുണനിലവാരനിയന്ത്രണം ഇവ ശ്രദ്ധിച്ചാൽ വലിയ മാറ്റം തന്നെ ഈ രംഗത്ത് ഉണ്ടാക്കുവാൻ കഴിയും.

ടൂറിസം ഒരു വ്യവസായമായി ഉയർത്തിക്കൊണ്ടുവരാൻ നല്ല സാദ്ധ്യതയുണ്ട്. എന്തുകൊണ്ടോ ഈ സാധ്യത അവഗണിക്കപ്പെട്ടു കിടക്കുകയാണ്. ഗതാഗതസൗകര്യം വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ ഈ സാധ്യത ഉപയോഗപ്പെടുത്തുവാൻ കഴിയുകയുള്ളു.

പ്രകൃതി സൗന്ദര്യം പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു വികസനപദ്ധതിയാണ് രൂപകല്പന ചെയ്യേണ്ടത്. പാൽക്കുളം മേട്, കുതിലിത്തണ്ട് ഇടുക്കി, ചെറുതോണി ഡാമുകളും ഇതിന്റെ അവിഭാജ്യഘടകമാണ്.

ഇടുക്കി ഡാമിന്റെ താഴെയുള്ള പുന്തോട്ട നിർമ്മാണം ത്വരിതപ്പെടുത്തുകയും, പാർക്കുകൾ സ്ഥാപിക്കുകയും വേണം. കുറത്തി മലമുകളിലേക്ക് ട്രോളി സ്ഥാപിക്കുകയും കോട്ടേജുകളും, ലഘുഭക്ഷണശാലകളും തീർക്കുകയും വേണം. ഇടുക്കി ഡാമിൽ ബോട്ടിംഗ് സർവ്വീസ് ആരംഭിക്കുന്നത് ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ വളരെയേറെ സഹായിക്കും. തദ്ദേശീയ വിനോദസഞ്ചാരികളേയും വിദേശ ടൂറിസ്റ്റുകളെയും ആകർഷിക്കുന്ന ടൂറിസ വ്യവസായത്തിന് സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ ഗ്രാമപഞ്ചായത്ത് തയ്യാറാക്കണം.

പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്നതിന് സഹായകമായ ഒരു റോഡ് ഗ്രാമപഞ്ചായത്തിന്റെ വികസന സാദ്ധ്യതകളുള്ള വിനോദ സഞ്ചാരകേന്ദ്രങ്ങളെ കോർത്തിണക്കി നിർമ്മിച്ചാൽ വൻ പുരോഗതിയും വികസനവും നമ്മുടെ നാട്ടിലുണ്ടാകും.

മാപ്പ് താഴെക്കൊടുക്കുന്നു

ഗ്രാമപഞ്ചായത്തു തലത്തിൽ ടൂറിസ്റ്റുഗൈഡുകളെ പരിശീലിപ്പിക്കുന്നത് ആ രംഗത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ സഹായിക്കും.

പാൽക്കുളംമേട് നല്ല സാധ്യതയുള്ള ഒരു ടൂറിസ്റ്റു കേന്ദ്രമാണ്. ഗതാഗതസൗകര്യവും വർദ്ധിപ്പിക്കണം. താമസസൗകര്യവും, ലഘുഭക്ഷണശാലയും ഉണ്ടാവണം.

പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ വിപണനം പ്രയാസകരമാണ്.
2. വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന അനുഭവങ്ങളാണ് ഉദ്യോഗസ്ഥന്മാരിൽ നിന്നും ബാങ്കുകളിൽ നിന്നും ഉണ്ടാകുന്നത്.
3. ചെറുകിട വ്യവസായരംഗത്ത് സ്ഥിരമായി പിടിച്ചുനില്ക്കാൻ സംരംഭകർക്ക് സാധിക്കുന്നില്ല. ഉദ്യോഗസ്ഥ സംവിധാനം ഉടച്ചുവാർക്കാതെ രക്ഷയില്ല.
4. ഗതാഗതസൗകര്യത്തിന്റെ അഭാവം.
5. കാർഷികോല്പന്നം അസംസ്കൃത വസ്തുവായി സ്വീകരിക്കുന്ന വ്യവസായങ്ങൾ ഇല്ല.
6. എല്ലാ മേഖലകളിലും വൈദ്യുതി ലഭിക്കുന്നില്ല.
7. സംരംഭകർക്ക് സാമ്പത്തിക പിൻബലം ലഭിക്കുന്നില്ല.

സാധ്യതകൾ

1. വ്യവസായസംരംഭകർക്ക് ശാസ്ത്രീയപരിശീലനം നല്കണം.

2. വ്യവസായങ്ങളിൽ ആധുനിക യന്ത്രങ്ങൾ ഉപയോഗപ്പെടുത്തണം. ഗുണനിലവാരം കർശനമാക്കണം.

3. സാമ്പത്തികലഭ്യത ബാങ്കുകളിലൂടെ ഉറപ്പുവരുത്തുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക. സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നും സത്തെടുക്കുന്ന വ്യവസായം, തെങ്ങ്, ചകിരി, ചിരട്ട ഇവ ഉപയോഗിച്ചുള്ള കൗതുകവസ്തുക്കളുടെ നിർമ്മാണം, ചകിരി ഉപയോഗിച്ചുള്ള ബഡ്സുകളുടെ നിർമ്മാണം, കാലിത്തീറ്റ നിർമ്മാണവ്യവസായം, പഴം, പച്ചക്കറി സംസ്ക്കരണം, കൊപ്രാ സംസ്ക്കരണം, ശുദ്ധി ചെയ്ത വെളിച്ചെണ്ണ ഇവയുടെ നിർമ്മാണം, മിനറൽ വാട്ടർ ഇവ ഉദാഹരണം.

4. കാർഷികോല്പന്നങ്ങൾ അസംസ്കൃത വസ്തുവാക്കിയുള്ള ചെറുകിട വ്യവസായങ്ങൾക്ക് മുൻഗണന നല്കണം.

5. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

6. ജില്ലാ വ്യവസായ കേന്ദ്രം ഈ പഞ്ചായത്തിലേക്കു മാറ്റി സ്ഥാപിക്കണം. ജില്ലാ ആസ്ഥാനം ഈപഞ്ചായത്തിലാണുള്ളത്.

7. ഒരു ചെറുകിട വ്യവസായ എസ്റ്റേറ്റ് സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കണം.

8. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം.

9. കോഴി വളർത്തൽ, പന്നി വളർത്തൽ ഇവ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുവാൻ നല്ല സാധ്യതയുണ്ട്.

10. ഔഷധച്ചെടി വളർത്തൽ, സംഭരണം, വിപണനം, മരുന്നു നിർമ്മാണം ഇവയുടെ ശൃംഖലകൾ.

11. ടൂറിസ വ്യവസായ വികസനം. ഇടുക്കി ഡാം പാൽക്കുളം മേട്, കുയിലിത്തണ്ട് ഇവയുമായി ബന്ധിപ്പിക്കണം. ഇടുക്കി ഡാമിൽ ബോട്ടു യാത്രാ സൗകര്യം വർദ്ധിപ്പിക്കുക. ഡാം സന്ദർശന സൗകര്യം വർദ്ധിപ്പിക്കുക. പഞ്ചായത്തിലൂടെ ഒരു മലയോര റോഡ് വികസിപ്പിച്ചെടുത്താൽ ടൂറിസ സാദ്ധ്യതകൾ വർദ്ധിപ്പിക്കാം.

12. ടൂറിസം വ്യവസായവുമായി ബന്ധിപ്പിച്ച് പാൽക്കുളം മേട്ടിൽ ഒരു ചെറുകിട വിമാനത്താവള സാധ്യതകൂടി പരിശോധിക്കണം.



ഊർജ്ജം

ഊർജ്ജസ്രോതസ്സിന്റെ മുഖ്യ ഉറവിടമായ സൗരോർജ്ജം ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ ഉപയോഗപ്പെടുത്തിയ ഈ കാലത്തിലും ഈ പഞ്ചായത്തുകാർക്ക് ഇത് അപ്രാപ്യമാണ് എന്ന തുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ഊർജ്ജ ഉറവിടമായ ഇടുക്കി പദ്ധതി സ്ഥിതിചെയ്യുന്ന ഈ നാട്ടിലെ ഭൂരിഭാഗം ജനങ്ങളും അന്ധകാരത്തിലാണ് എന്നത് ഈ രംഗത്തെ പിന്നോക്കാവസ്ഥയെ തുറന്നു കാണിക്കുന്നു.

കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുന്ന പാൽക്കുളം മേട് പ്രദേശത്ത് ആ പദ്ധതി പുതിയ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന ഒന്നാണ് എന്നത് ശ്രദ്ധേയമാണ്. ഒട്ടനവധി ചെറുകിട പദ്ധതികൾക്ക് രൂപം നല്കുവാൻ കഴിയുന്ന ചെറിയ വെള്ളച്ചാട്ടങ്ങളാലും, ജലസ്രോതസ്സുകളാലും സമൃദ്ധമാണ് വാഴത്തോപ്പ്.

വീട്ടാവശ്യത്തിന് വിറക് കൂടുതലായി ഉപയോഗിക്കുന്നു. വിറകുകളുടെ അമിത ഉപയോഗം മൂലമുണ്ടായ ലഭ്യതകുറവും മരങ്ങളുടെ നാശവും ഈ രംഗത്തെ പ്രശ്നമാണ്. ഇവിടെയാണ് ദക്ഷതയേറിയ അടുപ്പുകളുടെ പ്രാധാന്യം. ഗോബർഗ്യാസ് വളരെ ചുരുങ്ങിയ തോതിൽ ഉപയോഗിക്കുന്നുണ്ട്. കാലിവളർത്തൽ വർദ്ധിച്ചുവരുന്ന ഈ കാലയളവിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇന്ധനമായി മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ടെങ്കിലും ലഭ്യതയും വിലയും ഈ രംഗത്തെ പ്രതിസന്ധിയാണ്. കുക്കിങ്ങ് ഗ്യാസിന്റെ ഉപയോഗം വളരെ ചുരുങ്ങിയ തോതിലുണ്ട്. ദക്ഷതയേറിയ അടുപ്പുകളുടെ ഉപയോഗം നാമമാത്രമായി നടക്കുന്നുണ്ട്. ഈ രംഗത്ത് പരിഷത്ത് പോലുള്ള സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ഇത്തരം സംഘടനകളിലൂടെ പഞ്ചായത്ത് സബ്സിഡിയോടുകൂടി ദക്ഷതയേറിയ അടുപ്പുകളുടെ പ്രചരണം നടത്താവുന്നതാണ്.

1. പഞ്ചായത്തിലെ 93% വീടുകളിലും വിറക് ഉപയോഗിക്കുന്നു.
2. 5% ഗ്യാസ് അടുപ്പുകളാണ്. ബാക്കി ബയോഗ്യാസ്, മണ്ണെണ്ണ, ഇലക്ട്രിക് ഹീറ്റർ എന്നിവ ഉപയോഗിക്കുന്നു.

പ്രശ്നങ്ങൾ

1. വൈദ്യുതി ദുർവിനിയോഗം ഇലക്ട്രിസിറ്റി ബോർഡിന്റെ കോർട്ടേഴ്സുകളിൽ നിലവിലുണ്ട്.
2. വൈദ്യുതി മോഷണം നടക്കുന്നുണ്ട്.
3. Faulty മീറ്ററുകൾ നിലവിലുണ്ട്.
4. ഗാന്ധിനഗർ കോളനിയിൽ വൈദ്യുതിയില്ല.
5. ഭൂമിയാംകുളത്തിന് അനുവദിച്ച ട്രാൻസ്ഫോർമറുകൾ ഉടൻസ്ഥാപിക്കുക.
6. വാസുപ്പാറയിൽ ട്രാൻസ്ഫോർമർ ഇല്ല.
7. വോൾട്ടേജ് ക്ഷാമം വ്യാപകമാണ്.
8. പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ വേണ്ടത് വിനിയോഗിക്കുന്നില്ല.
9. ജലസേചനത്തിന് വേണ്ടത്ര വൈദ്യുതി എത്തുന്നില്ല.
10. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഇടുക്കി ജലവൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്ന വാഴത്തോപ്പ് പഞ്ചായത്തിൽ 65 % ത്തോളം ഭവനങ്ങൾ വൈദ്യുതീകരിച്ചിട്ടില്ല.

സാധ്യതകൾ

1. ഇന്ധനക്ഷമത കൂടിയ അടപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കുക.
2. പഞ്ചായത്തിൽ തന്നെ 50 ഓളം ആളുകൾക്ക് I.R.T.C. യിൽ ട്രെയിനിങ്ങ് നൽകി തുടർ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.
3. പഞ്ചായത്ത് തലത്തിൽ ചെലവു കുറഞ്ഞതും ഇന്ധനക്ഷമത കൂടിയതുമായ അടപ്പുകളെ സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
4. പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള ഗ്യാസ് ഏജൻസിയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണം. പഞ്ചായത്തിലുള്ളവർക്ക് മുൻഗണനയിൽ കണക്ഷൻ നൽകുക.
5. ബയോഗ്യാസിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.

6. മണ്ണെണ്ണയുടെ ഉപഭോഗം കുറച്ചു കൊണ്ടുവരിക.

7. കരിമ്പൻകുത്ത്, പാൽക്കുളം മേട്, പേപ്പാറകൂത്ത് എന്നീ മേഖലകളിൽ ചെറുകിട വൈദ്യുതപദ്ധതികൾക്ക് സാധ്യതയുണ്ട്.

8. മുക്കണ്ണം കുടിയിൽ (കൊച്ചുകുടികൂത്ത്) micro project ന് സാധ്യതയുണ്ട്.

9. പാക്കുളംമേട്ടിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭസർവ്വേ കഴിഞ്ഞതാണ് പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കുയിലിത്തണ്ടിൽ നിലവിലുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തണം.

10. സൗരോർജ്ജ സാധ്യതകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗിക്കണം.

11. ട്രാൻഫോർമറുകളും, കാലഹരണപ്പെട്ട സബ് സ്റ്റേഷനും ആധുനികവത്കരിച്ച് വൈദ്യുത വിതരണസമ്പ്രദായം നവീകരിക്കുക.

12. പ്രസ്സരണ നഷ്ടം കുറക്കുന്നതിന് ഇലക്ട്രിക് ലൈനുകളിൽ ബാഹ്യമായ ഇടപെടലുകൾ (വൃക്ഷ ശാഖക്ക് ഭൂമിയുമായുള്ള സ്പർശം) ഒഴിവാക്കുക.

13. C.F.L. ട്യൂബുകളും ബൾബുകളും ഉപയോഗിച്ച് വൈദ്യുതി നഷ്ടം ഒഴിവാക്കുക.

14. ഇലക്ട്രിസിറ്റി ബോർഡിന്റെ കാർട്ടേഴ്സ്കളിൽ വൈദ്യുതി മീറ്ററുകൾ സ്ഥാപിക്കുകയും വൈദ്യുതി സൗജന്യമായി നല്കുന്നത് നിർത്തലാക്കുകയും ചെയ്യുക.

15. വൈദ്യുത ദുരുപയോഗം ചെയ്യുന്നവരെ കർശന ശിക്ഷാ വിധേയരാക്കുക.

16. സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന്റെ ചുമതല ഗ്രാമപഞ്ചായത്തിന് പൂർണ്ണമായും ഏല്പിക്കുകയും, ഇലക്ട്രിക് പോസ്റ്റുകളിൽ മീറ്റർ ഘടിപ്പിക്കുകയും ചെയ്യുക.

17. വർഷങ്ങൾക്കു മുമ്പ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ ചെറുതോണിയാറ്റിൽ നമ്പർ റ്റു ഭാഗത്ത് കോപ്പർ ഡാം പണിത് പെരിയാറ്റിലേക്ക് വെള്ളം തുറന്നുവിട്ട് ചെറുതോണി പട്ടണത്തിന്റെയും വികസനത്തിനും പുരോഗതിക്കും ആക്കം കൂട്ടാൻ KSEB നടപടികൾ പൂർത്തിയാക്കി പദ്ധതി ജനോപകാരപ്രദമാക്കുക.

പട്ടിക - 1

പഞ്ചായത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം	1675
വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം	2288

ഗതാഗതം

വിസ്തൃതമായ വാഴത്തോപ്പ് പഞ്ചായത്തിൽ ഗതാഗതസൗകര്യം വേണ്ടത്രയില്ല എന്നത് ഒരു പോരായ്മയാണ്. കാട്ടുപാത ഉപയോഗിച്ചിരുന്ന ആദിവാസികളും, കൊമ്പുചാരികയറ്റം കടന്നുവന്ന കർഷകരും ചേർന്ന സങ്കേതത്തിൽ ഇടുക്കി, ഉടുമ്പന്നൂർ ജീപ്പുറോഡും തട്ടാത്തിക്കുടി, ചെറുതോണി, വാഴത്തോപ്പ് ജീപ്പ്റോഡും പുതുയുഗപിറവിയായി. ഇടുക്കി ജല വൈദ്യുതപദ്ധതിയുടെ ആവിർഭാവമാണ് ഗതാഗതസൗകര്യങ്ങളുടെ വികസനത്തിന് തുടക്കം കുറിച്ചത്. ഇടുക്കി - തൊടുപുഴ, ഇടുക്കി - നേര്യമംഗലം, ഇടുക്കി - മൂന്നാർ, ഇടുക്കി - തേക്കടി തുടങ്ങിയ റോഡുകളുടെ പൂർത്തീകരണത്തോടെ നവീന ഗതാഗതസൗകര്യങ്ങളുടെ വരവായി. ഇളംദേശം, ഇടുക്കി, N.E.S. ബ്ലോക്കുകളുടെ ആഭിമുഖ്യത്തിൽ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തോടെ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ നിന്ന് പ്രധാന റോഡുകളിലേക്കുള്ള യാത്രാസൗകര്യങ്ങൾക്ക് ഗതിവേഗമേറി. റോഡു നിർമ്മാണത്തിലെ അഴിമതിയും, ക്രമക്കേടുകളും കെടുകാര്യസ്ഥതയും അതോടൊപ്പം ഭൂപ്രകൃതിയുടെ സങ്കീർണ്ണതയും ചേർന്നപ്പോൾ ഈ രംഗത്തെ നമ്മുടെ പഞ്ചായത്തിന്റെ വികസനം രണ്ടു പതിറ്റാണ്ട് പിന്നോട്ടുവലിച്ചു. നാൽപത്തിയേഴ് വർഷം പിന്നിട്ടിട്ടുകൂടി പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടിയുള്ള കേവലം 5 കി. മീറ്റർ മാത്രം പൊതുമരാമത്ത് റോഡ് നിർമ്മിക്കുവാനേ കഴിഞ്ഞുള്ളു എന്നത് ഈ രംഗത്തെ ശോച്യാവസ്ഥയുടെ പ്രതീകമാണ്.

P.W.D. റോഡ് 33.5 K.M. മാത്രമാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള ടാർറോഡ് 10 കിലോമീറ്റർ താഴെയാണ്. ആവാസകേന്ദ്രങ്ങളിലുള്ള മൺറോഡുകൾ ടാർ റോഡുകളാക്കി മാറ്റുകയും ഗതാഗത സൗകര്യം വർദ്ധിപ്പിക്കേണ്ടതുമാണ്. 54 നടപ്പാതകളും, 41 മൺറോഡുകളും ഭാഗീകമായി കടന്നുപോകുന്ന 4 P.W.D. റോഡുകളും 17 ടാർ ചെയ്ത റോഡുകളും (10 K.M. പഞ്ചായത്തു റോഡും ബാക്കി കോളനി റോഡുകളുമാണ്) പഞ്ചായത്തിലുണ്ട്. റോഡുനിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ അധീനതയിൽ ജനകീയപങ്കാളിത്തത്തോടെ നടത്തിയെങ്കിൽ മാത്രമേ ഗതാഗത രംഗം പൂർണ്ണമാവുകയുള്ളു.

പ്രശ്നങ്ങൾ

1. ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനമില്ലായ്മ. (റോഡു നിർമ്മാണത്തിൽ)
2. റോഡു സംരക്ഷണത്തിന് ഓടകൾ, കനാലുകൾ, കലുങ്കുകൾ എന്നിവയുടെ അഭാവം.
3. റോഡിന്റെ അറ്റകുറ്റപ്പണികൾ യഥാസമയത്തും കാര്യക്ഷമമായും നടക്കുന്നില്ല.
4. പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടിയുള്ള ബസ്സർവ്വീസിനുള്ള സൗകര്യങ്ങൾ വേണ്ടത്ര വിനിയോഗിക്കുന്നില്ല.
5. വാഹനങ്ങളുടെ മലിനീകരണ നിയന്ത്രണ സംവിധാനവും വാഹനങ്ങളുടെ യാത്രാക്ഷമതയും കാലാകാലങ്ങളിൽ പരിശോധിക്കുകയോ, സർട്ടിഫിക്കറ്റ് നല്കുകയോ ചെയ്യുന്നില്ല.
6. സംസ്ഥാനത്ത് നിലവിലിരിക്കുന്ന ടാക്സി നിരക്കുകളെ അവഗണിക്കുന്ന തരത്തിലുള്ള നിരക്കുകൾ പഞ്ചായത്തിൽ ഈടാക്കുന്നു.
7. മോട്ടോർ വാഹനരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ബോധവത്ക്കരണത്തിന്റെ അഭാവം.
8. പഞ്ചായത്തിലെ പ്രധാന ടൗണുകളിൽ ടാക്സി സ്റ്റാന്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
9. ജില്ലാ ആസ്ഥാനമായ പഞ്ചായത്തിൽ ഒരു ബസ്സ്റ്റാന്റ് പോലുമില്ല.
10. K.S.R.T.C. സർവ്വീസുകൾ അപര്യാപ്തമാണ്.
11. അന്തർസംസ്ഥാന, അന്തർജില്ലാ സർവ്വീസുകൾ ഇല്ല. താലൂക്കാസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തുന്ന ബസ്സർവ്വീസുകൾ പോലും അപര്യാപ്തമാണ്.
12. ജില്ലാ ആസ്ഥാനത്തുനിന്നും ഓപ്പറേറ്റു ചെയ്യുന്ന ഒറ്റ ബസ്സർവ്വീസു പോലുമില്ല.
13. ഓട്ടോമൊബൈൽ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും, ആരോഗ്യസാഹചര്യങ്ങളും മെച്ചമല്ല.
14. പഞ്ചായത്തിൽ വേണ്ടത്ര ഗതാഗതസൗകര്യമില്ല.

സാദ്ധ്യതകൾ

I. റോഡുകൾ

പഞ്ചായത്തിലെ എല്ലാ അവികസിത മേഖലകളേയും ബന്ധപ്പെടുത്തിക്കൊണ്ട് ഗതാഗത മേഖല വിപുലീകരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുക.

1. പൈനാവ്, 56 കോളനി, പെരുങ്കാല, മണിയാറൻകുടി, കൊക്കരക്കുളം, മുളകുവള്ളി, മഞ്ഞപ്പാറ, അശോകക്കവല ഈ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നു പൈനാവ് - അശോകക്കവല റോഡ്. (18 കിലോമീറ്റർ)
2. കാക്കനാട്ട്പടി - കരിമ്പൽ കാനം റോഡ് (1.5 കിലോമീറ്റർ)
3. പൈനാവ് - ഗിരിജ്യോതി കോളേജ് - പേപ്പറഞ്ഞാവൽചുവട് ഇവയെ ബന്ധിപ്പിക്കുന്ന പൈനാവ് ഞാവൽ ചുവട് റോഡ്. (4.5 കിലോമീറ്റർ)
4. ഓക്സ്ഫോർഡ് ജംഗ്ഷൻ, കേശമുനി, ഭൂമിയാംകുളം, വാസുപ്പാറ, കൊക്കരക്കുളം ഈ സ്ഥലങ്ങൾ ബന്ധിപ്പിക്കുന്ന ഓക്സ്ഫോർഡ് - കൊക്കൊരക്കുളം റോഡ് (12 കിലോമീറ്റർ)
5. പാൽക്കുളംതോടിന് ചെറ്റാനിക്കടക്കൽ ഒരു നടപ്പാലം പണിയുക.
6. മണിയാറൻകുടി മുസ്ലീംപള്ളി, ചെട്ടിമാട്ടേക്കട, പേപ്പാറ നെല്ലിക്കുന്നേൽ കവലകളെ ബന്ധിപ്പിക്കുന്ന (മണിയാറൻകുടി മുസ്ലീംപള്ളിക്കവല - നെല്ലിക്കുന്നേൽ കവല റോഡ്.) (6 കിലോമീറ്റർ)
7. മുളകുവള്ളി - മച്ചിയാനിക്കവല - കുഞ്ഞപ്പൻകടസർക്കിൾ റോഡ് (1 കിലോമീറ്റർ)
8. പെരുങ്കാല T.V. സെന്റർ - പേപ്പാറഞാവൽ ചുവട് റോഡ് (5 കിലോമീറ്റർ)
9. മഞ്ഞപ്പാറതൊട്ടി - ഹെൽത്തുസെന്റർ റോഡ് 3 കിലോമീറ്റർ
10. വില്ലേജ് ഓഫീസ് പടി - കൊലുമ്പൻ കോളനി, കുഴിഞ്ഞാലിപ്പടി, താന്നിക്കണ്ടം ഇവയെ ബന്ധിപ്പിക്കുന്ന വില്ലേജ് ഓഫീസ് താന്നിക്കണ്ടം റോഡ് (4 കിലോമീറ്റർ)
11. മുളകുവള്ളി പുളവൻ [illegible] - കൊക്കരക്കുളം റോഡ് (4 കിലോമീറ്റർ)
12. അശോകക്കവല - പൂവത്തിങ്കൽപ്പടി - മരുതുപാറത്തണ്ട് - കുട്ടപ്പൻസിറ്റി ഇവയെ ബന്ധിപ്പിക്കുന്ന അശോകക്കവല കുട്ടപ്പൻ സിറ്റി റോഡ്. (3 കിലോമീറ്റർ)
13. കൊച്ചുപൈനാവ് - പഴയ ജില്ലാ ആശുപത്രി റോഡ് (1 കിലോമീറ്റർ)
14. ഗാന്ധിനഗർ കോളനി - നമ്പർ ടൂ റോഡ്.
15. ജില്ലാ വ്യവസായ കേന്ദ്രം - നമ്പർ ടൂ റോഡ്.
16. സെന്റ് മേരീസ് ജംഗ്ഷൻ - വെള്ളക്കയം റോഡ്
17. കരിമ്പൻപ്പാലം - മണിപ്പാറക്കാനം റോഡ്
18. കൊക്കകുളം ചക്കുളംകടക്കൽ -പാൽക്കുളം തോടിന് നടപ്പാലം പണിയുക
19. മഞ്ഞപ്പാറ -അമ്പലമുക്ക് -കുട്ടപ്പൻ സിറ്റി റോഡ്
20. അട്ടിക്കളം -കരിമ്പൻ ചപ്പാത്ത് റോഡ്
21. കരിമ്പൻ ടൗൺ -കരിമ്പൻ ചപ്പാത്ത് റോഡ്- 1കിലോമീറ്റർ
22. വാഴത്തോപ്പ് മഠം ജംഗ്ഷൻ -പാരീഷ് കോളനി റോഡ്
23. പേപ്പാറപ്പാലം മുത്തോലപുരം പടി-സെന്റ്മേരീസ് പള്ളി-റോഡ്
24. കുരിശുങ്കൽ സിറ്റി-തണ്ട് റോഡ് (2കിലോമീറ്റർ)
25. സെന്റ്ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് (ചെറുതോണി)-മില്ലുംപടി (ചെറുതോണി) റോഡ്.
26. അമ്പലക്കുന്ന് വട്ടപ്പാറ-പടിവഴി-തടിയമ്പാട് (2കിലോമീറ്റർ)
27. തീയറ്റർ പടി-കുഴിത്താലിപ്പടി റോഡ്
28. പാറേമാവ്-മാറാപ്പള്ളി റോഡ്
29. ആറുസെന്റ്-മാറാപ്പള്ളി ജംഗ്ഷൻറോഡ്
30. പുളിമൂട്ടിപ്പടി- കാക്കനാട്ട് പടി റോഡ്
31. അമ്മാണ്ടിപ്പടി-പൈനാവ് റോഡ്
32. ചേലക്കൽ കവല- മുക്കണ്ണൻകുടി റോഡ്
33. മുക്കണ്ണൻ കുടി-പകിട്ടാൻ റോഡ്
34. മംഗലംകവല- മുക്കണ്ണൻകുടി റോഡ്
35. നെല്ലിപ്പുഴ കവല- പെരുങ്കാല റോഡ്
36. താന്നിക്കണ്ടം- കൊച്ചുപുരപ്പടി റോഡ്

37. കൊല്ലാറപ്പടി- കിഴക്കേപ്പടി റോഡ്

38. ആനക്കൊമ്പൻ- പെരുങ്കാലറോഡ്

39. കാപ്പാട്ടുപടി- പകിട്ടാൻ റോഡ്

40. ആനക്കൊമ്പൻ-മണിയാറൻകുടി റോഡ്.

41. മണിയാറൻകുടി- കൂട്ടക്കുഴി KFDC റോഡ്

42. ലക്ഷംകവല- ഭൂമിയാംകുളം- മുസ്ലീം പള്ളിറോഡ്

43. ഭൂമിയാംകുളം-ചെമ്പകപ്പാറ-വാസുപ്പാറ-പാൽക്കുളം ടൂറിസ്റ്റ്കേന്ദ്രം ഇവ ബന്ധിക്കുന്ന-പാൽക്കുളം മേട് ഭൂമിയാംകുളം റോഡ്

44. മേഴ്സി ഹോസ്പിറ്റൽ-അമ്പലക്കുന്ന് റോഡ്-(1 കിലോമീറ്റർ)

45. മുസ്ലീം പള്ളിക്കവല - സ്റ്റേഡിയം (ഭൂമിയാംകുളം) റോഡ്

46. ഭൂമിയാംകുളം - കാഞ്ഞിരം കവല റോഡ്

47. കിഴക്കേടത്ത്പടി - ഹൗസിംങ്ങ് ബോർഡ് കോളനി റോഡ്.

48. ലക്ഷംകവല -കേശമുനിറോഡ്

49. എള്ളിൽപടി - ഭൂമിയാംകുളം റോഡ് (3 കിലോമീറ്റർ)

50. വള്ളാടിക്കവല - മുല്ലക്കാനം റോഡ്

51. ചാലപ്പാട്ടുപടി - ചക്കരവേലിപ്പടി റോഡ്

52. തടിയംമ്പാട് - പഞ്ചായത്തു ഓഫീസ് റോഡിന് ഓട നിർമ്മിക്കുക.

53. മേഴ്സി ഹോസ്പിറ്റൽ - ഭൂമിയാംകുളം റോഡ്

54. പേപ്പാറ - വെള്ളക്കയം റോഡ്.

55. കൃഷിഭവൻ - കുരിശുപാറ റോഡ്.

56. പാലിയത്തുപടി - കാരിക്കുഴി റോഡ്.

2. റെയിൽവേ

1. കൊച്ചി - മധുര മലയോര റെയിൽവേ നടപ്പാക്കുക.

3. വിമാനത്താവളം

പാൽക്കുളംമേട് ടൂറിസ്റ്റുകേന്ദ്രം, വിമാനത്താവളം, കൊച്ചി, കുമരകം, മൂന്നാർ, ഇടുക്കി, തേക്കടി ടൂറിസ്റ്റു കേന്ദ്രങ്ങളെ ബന്ധിച്ചുകൊണ്ടുള്ള വ്യോമയാനമാർഗ്ഗം - ജില്ലാ ആസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധപ്പെടലിനുപയോഗിക്കാം.

4. നാഷണൽ ഹൈവേ

കൊച്ചി - മധുര നാഷണൽ ഹൈവേ ബൈപാസ് റോഡ്.

(നേര്യമംഗലം - ഇടുക്കി - മധുര റോഡ്),

5. പെട്രോൾ - ഡീസൽ - ഔട്ട്ലറ്റ്

രണ്ട് പെട്രോൾ ബങ്കുകൾ പഞ്ചായത്തിൽ കരിമ്പൻ, ചെറുതോണി എന്നിവിടങ്ങളിൽ അനുവദിക്കുക.

6. ചെറുതോണി KSRTC ബസ്സ്റ്റേഷൻ

ചെറുതോണിയിൽ K.S.R.T.C. ബസ് സ്റ്റേഷൻ സ്ഥാപിക്കുക.

7. ബസ് - ടാക്സിസ്റ്റാൻഡുകൾ

കുയിലിമല - ഇടുക്കി - ചെറുതോണി - ന്യൂ കോറി - വാഴത്തോപ്പ്, മണിയാറൻകുടി, തടിയംപാട്, കരിമ്പൻ എന്നിവിടങ്ങളിൽ ബസ് ടാക്സി സ്റ്റാൻഡുകൾ.

8. ജില്ലാ ആസ്ഥാനവാസകേന്ദ്രങ്ങൾ സ്ഥാപിക്കുക, ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്ടെർമിനലുകൾ മുതലായവ സ്ഥാപിക്കുക.

9. മാർക്കറ്റ്

ചെറുതോണിയിൽ ഗ്രാമപഞ്ചായത്ത് ഒരു മാർക്കറ്റ് സ്ഥാപിക്കുക.

10. കംഫർട്ട്സ്റ്റേഷൻ

കരിമ്പൻ, തടിയംപാട്, ചെറുതോണി, പൈനാവ് തുടങ്ങിയ സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

11. ആധുനിക സൗകര്യങ്ങളുള്ള വൃത്തിയും വെടിപ്പുമുള്ള മാംസവില്പന കേന്ദ്രങ്ങൾ ആരംഭിക്കുക.

ആരോഗ്യവും കുടിവെള്ളവും

കേരളത്തിലെ ആരോഗ്യ രംഗം വിലയിരുത്തുന്നത്, മരണനിരക്ക് ശിശുമരണ നിരക്ക്, ജനന നിരക്ക്, ഇവയുടെ അടിസ്ഥാനത്തിലാണ്. ഈ മാനദണ്ഡത്തിന്റെ തന്നെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ നിലവാരം മെച്ചമാണെന്ന് പൊതുവെ പറയാം. ഈ പഞ്ചായത്തിലെ മരണ നിരക്ക് 4.2 ആണ്. ജനന നിരക്ക് 21 ആണ്.

ഒരു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 234 ആണ്. അതിൽ 98% കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്.

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം താരതമ്യേന മെച്ചമല്ല. ആദിവാസി മേഖലകളിൽ വളരെ ശോചനീയവുമാണ്.

അംഗ വൈകല്യമുള്ള ആളുകൾ ആകെ 95 പേർ, അന്ധർ-5, ബധിരർ-41, മൂകർ-5, ബധിരമൂകർ-2, ചലന വൈകല്യമുള്ളവർ-42

മന്ദബുദ്ധികൾ

വയസ്സ്	എണ്ണം
0 - 5	6
6 - 10	ഇല്ല
11 - 15	3
16 മേൽ	3

രോഗത്തിന്റെ കണക്കുകൾ

സ്ഥായിയായ രോഗബാധിതർ

1. രക്തസമ്മർദ്ദം	-	144
2 പ്രമേഹം	-	39
3 ക്യാൻസർ	-	3
4 കുഷ്ഠം	-	ഇല്ല
5 ക്ഷയം	-	4
6 ഹൃദ്രോഗം	-	12

പകർച്ച വ്യാധിനിരക്കുകൾ

(വെള്ളത്തിലൂടെ പകരുന്നവ) (വായുവിലൂടെ പകരുന്നവ)

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യം രോഗങ്ങൾ	മറ്റുള്ളവ
1993-94	615	6893	2923
94-95	497	4348	3138
95-96	648	7791	2455

ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ ഒരു പ്രൈമറി ഹെൽത്ത്സെന്ററും, ഒരു ഹോമിയോ ഡിസ്പെൻസറിയും, ഒരു ആയുർവ്വേദ ആശുപത്രിയും, ഒരു ആയുർവ്വേദ മൊബൈൽ ഡിസ്പെൻസറിയും രണ്ട് സബ് സെന്ററുകളുമുണ്ട്. നാമമാത്രമായതും യാതൊരു ചികിത്സാ സൗകര്യവും ലഭ്യമല്ലാത്തതുമായ ഇടുക്കി ജില്ലാ ആശുപത്രിയും നമ്മുടെ പഞ്ചായത്തിലുണ്ട്.

സ്ഥാപനപരമായ പ്രശ്നങ്ങൾ

1 ജില്ലാ ആശുപത്രി പൈനാവ്

ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത് ജില്ലാ ആസ്ഥാനത്താണ്. ഒരു പ്രൈമറി ഹെൽത്ത് സെന്ററിന്റെ സൗകര്യങ്ങൾ പോലും ലഭ്യമല്ല. സാധാരണയായി ഗുരുതരമായ രോഗം ബാധിച്ച വരെ ജില്ലാ ആശുപത്രിയിൽ നിന്നും തൊടുപുഴ താലൂക്ക് ആശുപത്രിയിലേക്ക് റഫർ ചെയ്യുന്ന വിരോധാഭാസം നിലനിൽക്കുകയാണ്. ഏകദേശം 60-ഓളം കിടക്കകളുണ്ട്. ആറ് ഡോക്ടർമാർ നിലവിലുണ്ടെങ്കിലും ഇവരുടെ സേവനം വേണ്ടത്ര ലഭ്യമല്ല. ആവശ്യത്തിന് ജീവനക്കാരുടേയും, അത്യാവശ്യ മരുന്നുകളുടേയും അപര്യാപ്തത സ്ഥാപനത്തെ അനാകർഷകമാക്കുന്നു. എക്സറേ, സ്കാൻ യൂണിറ്റ് എന്നിവ അനുവദിച്ചത് സ്ഥാപിക്കാതെയും ഉപയോഗിക്കാതെയും സ്ഥല പരിമിതി മൂലം നോക്കുകുത്തികളായി പെട്ടിയിൽ അന്ത്യ വിശ്രമം കൊള്ളുകയാണ്. ആശുപത്രി വികസനത്തിനായി ഒരു കോടിയിലധികം തുക ലഭിച്ചിട്ടുണ്ടെങ്കിലും അത് ക്രിയാത്മകമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. പഴയ ആശുപത്രിയ്ക്ക് സമീപമുള്ള മോർച്ചറിയിൽ നിന്ന് മൃതദേഹങ്ങൾ നായ്ക്കൾ കടിച്ചു കീറിയ സംഭവങ്ങളും മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും എല്ലാ ഒഴിവുകളും നികത്തുകയും ചെയ്താൽ ഇടുക്കി ജില്ലയിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടുന്ന സ്ഥാപനമാണിത്.

2 പ്രാഥമിക ചികിത്സാകേന്ദ്രം- വാഴത്തോപ്പ്- ലക്ഷം കവല

ഒരു മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 18-ഓളം ജീവനക്കാരുണ്ട്. അടുത്ത കാലത്തായി ഒഴിവുകൾ നികത്തപ്പെട്ടിട്ടുണ്ട്. അത്യാവശ്യ മരുന്നുകൾ വേണ്ടത്ര ലഭ്യമാക്കിയും ഫീൽഡ് ജീവനക്കാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആരോഗ്യ പദ്ധതികൾ മെച്ചപ്പെടുത്താവുന്നതാണ്. മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള കോൾഡ് ചെയിൻ സിസ്റ്റമുണ്ടെങ്കിലും വൈദ്യു

തി ലഭിക്കാത്തതിനാൽ പ്രവർത്തിക്കുന്നില്ല. കുടി വെള്ളവും ഈ സ്ഥാപനത്തിൽ ലഭ്യമല്ല.

3. ഹോമിയോ ഡിസ്പെൻസറി, ഭൂമിയാംകുളം

വാടകക്കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഒരു ഡോക്ടറുൾപ്പെടെ മൂന്ന് ജീവനക്കാർ നിലവിലുണ്ട്. പ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ല. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. സ്ഥിരമായി ഇവിടെ ജോലി ചെയ്യുവാൻ താല്പര്യമുള്ള ഡോക്ടർമാരെ നിയമിക്കണം.

4. പാറേമാവ് ആയുർവ്വേദ ആശുപത്രി

രണ്ട് ഡോക്ടർമാർ ഉൾപ്പെടെ ഒൻപത് ജീവനക്കാരുണ്ട്. രണ്ട് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തപ്പെടുവാനുണ്ട്. ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുവാൻ സാദ്ധ്യതയുള്ള ഈ പ്രദേശത്ത് ജില്ലാ ആയുർവ്വേദ ആശുപത്രിയായാണ് ഇത് തുടങ്ങിയതെങ്കിലും പലതരം സമ്മർദ്ദങ്ങളുടെ ഫലമായി ഇപ്പോഴൊരു സാധാരണ ആശുപത്രിയായി തരം താഴ്ത്തപ്പെട്ടിരിക്കുകയാണ്. 25 ബഡ്ഡുകൾ ഇപ്പോൾ ഉണ്ട്. പുതിയ ഒരു വാർഡ് കൂടി തുടങ്ങുകയും അൻപത് ബഡ്ഡുകളായി ഇത് ഉയർത്തുകയും ചെയ്യേണ്ടതാവശ്യമാണ്.

5. മൊബൈൽ ആയുർവ്വേദ ആശുപത്രി പൈനാവ്

നിലവിലുള്ള മൊബൈൽ ആയുർവ്വേദ ആശുപത്രി പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധം വിപുലീകരിക്കേണ്ടതുണ്ട്. അനുവദിച്ചിട്ടുള്ള വാൻ ഉപയോഗിക്കാതെ ഷെഡിൽ കിടക്കുകയാണ്. വാഹനമുപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് ഉപകാരപ്രദമായി പ്രവർത്തിക്കണം. ഒരു ഡോക്ടറും രണ്ടു ജീവനക്കാരും മാത്രമാണുള്ളത്.

സ്വകാര്യമേഖലയിലുള്ള ചികിത്സാ സംവിധാനങ്ങൾ

a. ഗിരിദീപം ആശുപത്രി കരിമ്പൻ:-

പഞ്ചായത്തിലെ ഏറ്റവും മികച്ച ദന്ത വിദഗ്ദ്ധന്റെ സേവനം ഇവിടെ ലഭ്യമാണ്. കുട്ടികൾക്കുള്ള പ്രതിരോധ ചികിത്സാ സംവിധാനങ്ങളും ലഭ്യമാണ്.

b. ശ്രുതി ഹോസ്പിറ്റൽ മഞ്ഞപ്പാറ:-

ഒരു ഡോക്ടറുടെ നേതൃത്വത്തിൽ ആതുര സേവനം നിർവഹിക്കുന്നു.

c. മേഴ്സി ഹോസ്പിറ്റൽ തടിയംപാട്:-

രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

d. സെൻറ് മേരീസ് ഹോസ്പിറ്റൽ ഇടുക്കി.

സെൻറ് മേരീസ് ജംഗ്ഷൻ വാഴത്തോപ്പ്

25- വർഷത്തോളമായി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഒരു ഡോക്റുടെ സേവനവും, എക്സറേ സൗകര്യവും ലഭ്യമാണ്

സെൻറ്മേരീസ് ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിലാരംഭിച്ചിട്ടുള്ളതാണീ ആശുപത്രി.

e. ഹോളിഫാമിലി ഹെൽത്ത് സെൻറർ

താന്നിക്കണ്ടം ഭാഗത്ത് ഈ വർഷം ആരംഭിച്ചിട്ടുള്ള ഈ ആതുരാലയത്തിൽ ആയുർവേദം, ഹോമിയോപ്പതി, അലോപ്പതി ചികിത്സകൾ ഒരു സമുഛയത്തിൽ ലഭ്യമാകുന്നു.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി സ്വകാര്യ ആയുർവ്വേദക്ലിനിക്കുകളും ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ പ്രധാനമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ:- വയറിളക്കരോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, ചൂടുപനി, ചിക്കൻ പോക്സ്, മുണ്ടിനീര് തുടങ്ങിയവയാണ്.

2. പോഷകാഹാരക്കുറവു മൂലമുള്ള രോഗങ്ങൾ ഗിരിവർഗ്ഗകോളനികളിലും മറ്റു പ്രദേശങ്ങളിലും കണ്ടുവരുന്നു.

3. 70% വീടുകളിലും സെപ്റ്റിക് ടാങ്കുകളോടുകൂടിയ കക്കൂസുകളില്ല.

4. പഞ്ചായത്തിൽ ശുദ്ധജലവിതരണ സംവിധാനം ആരോഗ്യകരമല്ല.

5. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമില്ല. കൂടാതെ അത്യാവശ്യമരുന്നുകളുടെ അഭാവമുണ്ട്.

6. ടൗൺ ശുചീകരണ സംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണ്.

7. പരിസര ശുചീകരണത്തിലും വ്യക്തി ശുചിത്വത്തിലും തീരെശ്രദ്ധയില്ല.

സാദ്ധ്യതകൾ

1. ശുദ്ധജലവിതരണം കാര്യക്ഷമവും ആരോഗ്യകരവുമാക്കുക.

2. എല്ലാ വീടുകളിലും ചിലവുകുറഞ്ഞ രീതിയിലുള്ള സാനിട്ടറി കക്കൂസുകൾ നിർമ്മിച്ചു നല്കുക. ഇതിനായി വർഷം തോറും 400 കക്കൂസുകൾ എന്ന നിരക്കിൽ അഞ്ചു വർഷംകൊണ്ട് '2000' കക്കൂസുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം കൊടുക്കുക.

3. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ഇതരസ്ഥാപനങ്ങളുടെ പരിപാടികളുമായി ഏകോപിപ്പിക്കുകയും, ജീവനക്കാരുടെ സേവനരീതികൾ കാര്യക്ഷമമാക്കുകയും ചെയ്യുക. ഫീൽഡിൽ സേവനമനുഷ്ഠിക്കേണ്ട ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും പബ്ലിക് ഹെൽത്ത് നേഴ്സുമാരും ചുമതലനിർവ്വഹിക്കുന്നുവെന്നുറപ്പു വരുത്തുക.

4. പകർച്ച വ്യാധികൾ കണ്ടുവരുന്ന സീസണുകൾക്കു മുമ്പായി ജലസ്രോതസ്സുകൾ സൂപ്പർ ക്ലോറിനേഷൻ നടത്തുന്നതിനുള്ള പരിപാടികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.

5. പോഷകാഹാരകുറവ് അനുഭവപ്പെടുന്ന മേഖലകളിൽ മൃഗസംരക്ഷണം, കോഴി വളർത്തൽ, പച്ചക്കറികൃഷി (ഇലക്കറികൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ) മുതലായവ പരിപോഷിപ്പിക്കുകയും പോഷകാഹാരങ്ങളടങ്ങിയ ഭക്ഷണക്രമം ബഹുജനങ്ങളെ ശീലിപ്പിക്കുകയും ചെയ്യുക

6. സബ് സെൻറർ തലത്തിൽ വിറ്റാമിൻ ഗുളികകളും വൈറ്റമിൻ A. സൊലൂഷനും, അയൺ ടാബ്ലറ്റുകളും വിതരണം ചെയ്യുകയും മാതൃശിശു സംരക്ഷണത്തെക്കുറിച്ചും, പ്രതിരോധകുത്തിവയ്പുകളെ സംബന്ധിച്ചും, പോഷകാഹാരപരിപാടികളെക്കുറിച്ചുമുള്ള പഠനക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കുക. വിലകുറഞ്ഞതും നാട്ടിൽ ലഭ്യമായതുമായ പോഷകമൂല്യമുള്ള കൃഷി വിളകൾ നട്ടുപിടിപ്പിച്ച് പോഷകമൂല്യമുള്ള ഭക്ഷണശീലം പ്രചരിപ്പിക്കുക. പ്രൈമറി ഹെൽത്ത് സെൻററിൽ 2 ഡോക്ടർമാരെ നിയമിച്ചുകൊണ്ട് സബ് സെൻറർ തലത്തിലും ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുക.

8. ജില്ലാ ആസ്ഥാനം സ്ഥിതിചെയ്യുന്നതായ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഒരു T.B. സാനിറ്റോറിയം സ്ഥാപിക്കുക.

9. പൈനാവ്, ചെറുതോണി, കരിമ്പൻ, തടിയംപാട്, വാഴത്തോപ്പ് തുടങ്ങിയ ടൗണുകളിൽ ആധുനിക രീതിയിലുള്ള ശുചീകരണസംവിധാനങ്ങൾ ഏർപ്പെടുത്തുക.

10. ഇറച്ചി, മീൻ, പച്ചക്കറി തുടങ്ങിയ വ്യാപാരസ്ഥാപനങ്ങൾക്ക് നിർബന്ധമായും ലൈസൻസ് സംവിധാനം നടപ്പിലാക്കുകയും ഇവ ശാസ്ത്രീയമായും ആരോഗ്യകരമായും വെടിപ്പും വൃത്തിയുമുള്ളവയാക്കി പരിപാലിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

11. ഹോട്ടലുകളിലെ ശുചിത്വം കർശനമായി പരിശോധിക്കുക.

12. പഞ്ചായത്തിലൊരു പൊതുശ്മശാനം സ്ഥാപിക്കുക. അത് ഇലക്ട്രിക് ക്രമിറ്റോറിയം ആക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കുക.

13. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുക.

14. പഞ്ചായത്തിലെ- പൈനാവ്, ചെറുതോണി, തടിയംപാട്, കരിമ്പൻ, വാഴത്തോപ്പ്, ഭൂമിയാംകുളം, മണിയാറൻകുടി, മുളകുവള്ളി എന്നിവിടങ്ങളിൽ ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക.

15. പഞ്ചായത്തിൽ പൗണ്ട് നിർമ്മിക്കുക

16. മലമ്പനി പോലുള്ള പകർച്ച വ്യാധികൾ മുന്നിൽ കണ്ടുകൊണ്ട് കൊതുക് നിർമ്മാർജ്ജന പരിപാടികൾ ആരംഭിക്കുക.

17. പ്രാഥമിക ചികിത്സാകേന്ദ്രത്തിൽ വെള്ളവും വെളിച്ചവും അടിയന്തിരമായി നല്കുക.

18. വാഴത്തോപ്പ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ലാബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

19. വാഴത്തോപ്പ് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രിയിൽ എക്സ്റേ, ഇ.സി.ജി, സ്കാനിംഗ്, ബ്ലഡ് ബാങ്ക് എന്നിവയുടെ യൂണിറ്റുകളും, എയിഡ്സ് സെല്ലും സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ സ്വാധിനം ചെലുത്തുകയും കൂടാതെ മോർച്ചറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക. മറ്റു ജില്ലകളിലുള്ള സ്പെഷ്യാലിറ്റി യൂണിറ്റുകളെല്ലാം നമ്മുടെ ജില്ലാ ആശുപത്രിയിലും ആരംഭിയ്ക്കുക.

20. സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സയ്ക്കായി ഇടുക്കി ജില്ലയ്ക്കനുവദിച്ച വിമൻ & ചിൽഡ്രൻ ഹോസ്പിറ്റൽ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുക.

21. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെൻറ് ഫോർ ഇലക്ട്രോണിക്സ് (IHRD) മെഡിക്കോ ഡയഗണോസ്റ്റിക് സ്കാൻ സെൻറർ ജില്ലാ ആശുപത്രിയോട് ചേർന്ന് പ്രവർത്തനം ആരംഭിക്കുക.

22. എല്ലാ വീടുകളിലും ഇന്ധനക്ഷമമായതും പുകയേല്ക്കാത്തതുമായ അടുപ്പുകൾ സ്ഥാപിക്കുക.

23. ജില്ലാ ആസ്ഥാനത്ത് അനുവദിച്ചിട്ടുള്ള

ജില്ലാ മെഡിക്കൽസ്റ്റോർ തൊടുപുഴയിൽനിന്ന് പൈനാവിലേക്ക് മാറ്റുന്നതിന് ജില്ലാ പഞ്ചായത്തിൽ സമ്മർദ്ദം ചെലുത്തുകയും പൈനാവിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള എല്ലാവിധ നടപടികളും സ്വീകരിക്കുകയും ചെയ്യുക.

24. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സബ് സെൻറർ ആരംഭിയ്ക്കുക. എല്ലാ വീടുകളിലും ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും പബ്ലിക്ക് ഹെൽത്ത് നഴ്സുമാരും എത്തിച്ചേർന്നു ആരോഗ്യപരിപാലനപ്രവർത്തനം നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുക.

25. പഞ്ചായത്തിന്റെ പ്രധാന ടൗണുകളിൽ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുകയും തനായി വൃത്തിയും വെടിപ്പുമുള്ളതായി സംരക്ഷിക്കുകയും ചെയ്യുക.

26. പഞ്ചായത്തിലെ ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനാവശ്യമായ ടെയ്ലറും ജീപ്പും വാങ്ങുകയും ശുചീകരണപ്രവർത്തനചുമതലയുള്ള ജീവനക്കാർ ഉത്തരവാദിത്വപൂർവ്വം ജോലി ചെയ്യുന്നുവെന്നുറപ്പു വരുത്തുകയും ചെയ്യുക.

27. പക്ഷിമൃഗാദികളേയും മനുഷ്യരെയും ബാധിക്കുന്ന പകർച്ച വ്യാധികളെക്കുറിച്ച് പഠിക്കുന്നതിനുള്ള സ്ഥിരസംവിധാനം ഏർപ്പെടുത്തുകയും നിവാരണമാർഗ്ഗങ്ങൾ പ്രചരിപ്പിച്ച് ആരോഗ്യപരിപാലനം സുരക്ഷിതമാക്കുക.

28. പാരമ്പര്യ ചികിത്സാ സൗകര്യങ്ങളും, ആധുനീകചികിത്സാ സൗകര്യങ്ങളും ഏകോപിപ്പിക്കുന്നതരത്തിലുള്ള ചികിത്സാരീതികൾ പ്രോത്സാഹിപ്പിക്കുക. നാട്ടറിവു ചികിത്സാ സമ്പ്രദായത്തിന്റെ കാര്യക്ഷമത ബോദ്ധ്യമാക്കി പാരമ്പര്യ ചികിത്സ ഉപയോഗപ്രദമാക്കുക.

29. ജില്ലാ ആസ്ഥാനം കേന്ദ്രമാക്കി ആരോഗ്യ ഗവേഷണ കേന്ദ്രം സ്ഥാപിക്കുക.

30. കോളനികൾ കേന്ദ്രീകരിച്ച് രോഗപ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

31. കേരളത്തിലെ ആകമാനമുള്ള പകർച്ച വ്യാധികളുടെ ഭീഷണി പരിഗണിച്ച് മുൻസിപ്പാലിറ്റിയുടെയും, കോർപ്പറേഷനുകളുടേയും മാതൃകയിൽ സാനിട്ടറി ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഓരോ സാനിട്ടറി സെല്ലുകൾ എല്ലാ പഞ്ചായത്തിലും ആരംഭിക്കുക.

32. പുകവലി, മദ്യപാനം, മയക്കുമരുന്നു പയോഗം ഇവയുടെ ദോഷവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക. നാട്ടിലെ സാമൂഹ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനും, അരാജകത്വം അവസാനിപ്പിക്കുന്നതിനും മദ്യനിരോധനം നടപ്പിലാക്കുക.

33. പൊതു സ്ഥലങ്ങളിൽ കർശനമായും പുകവലി നിരോധിക്കുന്നു എന്നുറപ്പുവരുത്തുക. മദ്യം സിഗരറ്റ്, പുകയില, ഇനങ്ങൾ, മുതലായവക്ക് പ്രാദേശിക നികുതി ഈടാക്കുക ഉപഭോഗം കുറയ്ക്കുവാൻ പരിശ്രമിക്കുക.

34. അപകടം, പ്രകൃതിക്ഷോഭം, അടിയന്തിര ചികിത്സ, മുതലായവയ്ക്ക് ഉപകരിക്കത്തക്കതരത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിപോലെ പഞ്ചായത്ത് പ്രസിഡൻറ് ദുരിതാശ്വാസനിധി രൂപീകരിക്കുക. ■

കുടിവെള്ളം

പഞ്ചായത്തിൽ കുടിവെള്ളത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമായ ഭവനങ്ങൾ 20% ത്തിൽ താഴെയാണ്. ചെറുതും വലതുമായ എട്ടോ ളം കോളനികൾക്ക് കാര്യക്ഷമമായ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. കുടിവെള്ളത്തിനായി കിണറുകളേയും, കുളങ്ങളേയും നേരിട്ടാശ്രയിക്കുന്നവർ ഏകദേശം 45% വരും. നീരുറവകളിൽ നിന്നും, ജലസ്രോതസ്സുകളിൽനിന്നും ഹോസ്‌വാട്ടർ വഴി കുടിവെള്ളം ഉപയോഗിക്കുന്നവർ 8% ആണ്. വേനൽക്കാലത്ത് കുടിവെള്ളത്തിന് ക്ഷാമം അനുഭവിക്കുന്നവർ ഏകദേശം 70% ആണ്.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ മുഴുവൻ സ്ഥലങ്ങളിലും, കുടിവെള്ള ക്ഷാമം രൂക്ഷമാണ്. പ്രത്യേകിച്ച്, കേശമുനി, വാസുപ്പാറ, മംഗലത്ത് കവല , സെൻറ്മേരീസ് കുന്ന്, വെള്ളളക്കയം, കൊച്ചുപൈനാവ്, ഗാന്ധിനഗർ കോളനി, കുരിശുപാറ, കരിമ്പൻ, കരിമ്പൻ കാനം, വട്ടമേട്, ചെന്നാപ്പാറ, ചെമ്പകപ്പാറ, നെല്ലിപ്പുഴക്കവല, ലത്തീൻ പള്ളി മുതൽ ചേലക്കൽ കവല വരെയുള്ള അഞ്ചാം വാർഡിന്റെ പ്രദേശങ്ങൾ, അപ്പർ താന്നിക്കണ്ടം, 56 കോളനി, കരിമ്പൻ കട്ടിംഗ്, അശോകകവല, കുരിശുപാറ, അമ്പലകുന്ന്, പെരുങ്കാല, തടിയമ്പാട്ട്, അമ്പലംകുന്ന്, പാരീസ് കോളനി, പേപ്പാറ- പേപ്പാറ ഭാഗത്ത് , തടിയംപാട്-കാരികുഴി ഭാഗം എന്നിവിടങ്ങളിൽ, മുളകുവള്ളി, കൊക്കരക്കുളം, ഉൾപ്പെടെ പഞ്ചായത്തു പ്രദേശങ്ങളിൽ കുടിവെള്ളത്തിന് വളരെയേറെ ക്ലേശമുണ്ട്.

സാദ്ധ്യതകൾ

1. ഇടുക്കി വില്ലേജ് വാട്ടർസപ്ലൈ സ്കീം

KWA/JB/MOG/2-202/95-96 dt 7/ 12/96 ഉത്തരവു പ്രകാരം ഇടുക്കി വില്ലേജിൽ പൂർണ്ണമായും കുടിവെള്ളവിതരണത്തിന് 3 കോടി 35 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത് വിനിയോഗിച്ച് വാട്ടർ അതോറിറ്റി എത്രയും വേഗം നിർമ്മാണ പ്രവർത്തനം ആരംഭി ക്കുക.

2. ഇടുക്കി ജില്ലാ ശുദ്ധജലവിതരണസംവിധാനം

മൂന്ന്, നാല്, അഞ്ച് വാർഡുകളിൽ നിലവിലുള്ള ജില്ലാ ആസ്ഥാന ശുദ്ധജലം വിതരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് മീൻമുട്ടിയിൽ ടാങ്ക് നിർമ്മിച്ച് ഗ്രാവിറ്റി ഫ്ലോ സംവിധാനം ഏർപ്പെടുത്തി. കെ. എസ്. ഇ. ബി. യുടെ കാലത്തെ പോലെ കാര്യക്ഷമമാക്കുക.

3. മണിപാറ കുരിശിങ്കൽ സിറ്റിയിൽ ശ്രി. ചെല്ലപ്പനിൽ നിന്നും വാങ്ങിയ സ്ഥലത്തു കുളം നിർമ്മിച്ച്, മരുതുപാറത്തണ്ടിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പു ചെയ്ത്, മണിപ്പാറ, കുട്ടപ്പൻ സിറ്റി, അട്ടിക്കളം, അമ്പലക്കവല, കരിമ്പൻ സിറ്റി, അശോക എന്നീ സ്ഥലങ്ങളിൽ ജല വിതരണം നടത്തുക.

4. 7,8,9 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി എള്ളിൽ ശ്രീ. ചാക്കോച്ചന്റെ പുരയിടത്തിൽ ടാങ്ക് നിർമ്മിക്കുകയും, മഞ്ഞപ്പാറ ചെക്ക് ടാം നിർമ്മിച്ചോ, ഇടുക്കി ഡാമിലെ വെള്ളം പമ്പ് ചെയ്തോ 250 ഓളം വീടുകൾക്ക് ശുദ്ധജലം എത്തിക്കാം.

5. മണിയാറൻകുടി വട്ടമേട്ടിൽ കുളമുണ്ടാക്കി, വാസുപ്പാറ, ചെമ്പകപ്പാറ, ചെന്നാപ്പാറ, മണിയാറൻ കുടിയുടെ വടക്കുഭാഗം തുടങ്ങിയ പ്രദേശങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാം.

6. കേരള വാട്ടർ അതോറിട്ടിയുടെ നീലവിലുള്ള പെരുങ്കാല, നെല്ലിപ്പുഴ പദ്ധതിയിൽ പെടുത്തിയോ, പേപ്പാറ തോട്ടിൽ ചെക്ക്ഡാം നിർമ്മിച്ച് വെള്ളം പമ്പു ചെയ്തോ നെല്ലിപ്പുഴക്കവല മുതൽ ചെട്ടിമാട്ടേ കവല വരെ ശുദ്ധജല മെത്തിക്കാം.

7. പേപ്പാറ ചേലക്കൽ പുരയിടത്തിൽ ടാങ്ക് കെട്ടി വൈദ്യുതി ചെലവില്ലാതെ ലത്തീൻപള്ളി വരെയുള്ള ഇടങ്ങളിൽ ഗ്രാവിറ്റി ഫ്ലോയിൻ കുടിവെള്ളമെത്തിക്കാം.

8. 4-ാം വാർഡിൽ പഴയ ജില്ലാശുപത്രിക്ക് പടിഞ്ഞാറുള്ള അലക്കുകോളനിയിൽ കിണറു നിർമ്മിച്ച് 56 കോളനിയിൽ ശുദ്ധജലമെത്തിക്കാം.

9. പഴയ ജില്ലാശുപത്രി മുതൽ താന്നിക്കുടം ഹോളിഫാമിലി പള്ളിവരെയുള്ള പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാൻ കേരള വാട്ടർ അതോറിറ്റിയുടെ സഹായത്തോടുകൂടി കഴിയും. ഇതിനായി പൈനാവ് കോളനിയിൽ വിതരണം നടത്തുന്ന ടാങ്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

10. സെൻറ് മേരീസ് പള്ളിയുടെ സമീപം ടാങ്ക് നിർമ്മിച്ച് പെരിയാറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് സെൻറ് മേരീസ് പള്ളി മുതൽ വെള്ളക്കയം മേഖല വരെ ശുദ്ധജല ക്ഷാമം പരിഹരിക്കാം.

11. കുരിശുപാറയിൽ ടാങ്ക് സ്ഥാപിച്ച് പെരിയാറ്റിൽ നിന്നോ, പേപ്പാറ തോട്ടിൽ നിന്നോ വെള്ളമെത്തിച്ച് കുരിശുപാറ മുതൽ സെൻറ് ജോർജ് പള്ളി മഠം ഭാഗം പാരീഷ് കോളനി, പള്ളിത്താഴെ ജംഗ്ഷൻ, കുറ്റിച്ചിറ കവല തുടങ്ങിയ സ്ഥലങ്ങളിൽ ശുദ്ധ ജലമെത്തിക്കാം.

12. അമ്പലക്കുന്നേൽ(തടിയംപാട്) ടാങ്ക് നിർമ്മിച്ചു കൊണ്ട് മഠത്തിൻ കടവ്, തടിയംപാട് ടൗൺ, മഞ്ഞപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളമെത്തിക്കാം.

13. ഭൂമിയാംകുളം,മണിയാറൻകുടി മംഗലംകവല, തുടങ്ങിയ മേഖലകളിൽ കുഴൽകിണറുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കുക.

14. പൈനാവ് ഓഫീസേഴ്സ് ഡോർമിറ്ററിയുടെ വടക്കു ഭാഗത്തായി ഇടുക്കി ബ്ലോക്ക് സ്ഥാപിച്ചിട്ടുള്ള കിണർ വ്യത്തിയാക്കി ഉപയോഗപ്പെടുത്തുക.

15. പൈനാവിൽ K.S.E.B-യുടെ അധീനതയിൽ മുമ്പുണ്ടായിരുന്ന ഫിൽട്ടർ ഹൗസ് (വാട്ടർ പ്യൂരിഫിക്കേഷൻ പ്ലാൻറ്) പുനഃസംവിധാനം ചെയ്ത് കേരള വാട്ടർ അതോറിട്ടി പൈനാവ് സബ്ഡിവിഷൻ പ്രവർത്തനം കാര്യക്ഷമമാക്കുക.

16. മീൻ മുട്ടിയിൽ നിന്നും പൈനാവ് കോളനിയിലേക്ക് വെള്ളം എത്തിച്ചുകൊണ്ടിരുന്ന Weir(ഇലക്ട്രിസിറ്റി ബോർഡ് അധീനതയിലുണ്ടായിരുന്നത്). അറ്റകുറ്റപണി നടത്തി പൈനാവ് കോളനിക്കാവശ്യമായ ശുദ്ധജലം ഏറ്റവും ചിലവു കുറഞ്ഞ രീതിയിൽ എത്തിക്കാവുന്നതാണ്. നിലവിൽ 50000 ജലവൈദ്യുത ബില്ലടയ്ക്കുന്നത് ഒഴിവാക്കി ലാഭകരമായി മീൻമുട്ടിമലയിൽ നിന്നും ഗ്രാവിറ്റി ഫ്ലോയിൻ വെള്ളം എത്തിക്കാം.

17. ഗാന്ധിനഗർ കോളനിയുടെ മുകൾ ഭാഗത്ത് നിലവിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുക വഴി പഞ്ചായത്തിൻെറ ഒട്ടുമിക്കമേഖലകളിലും (കരിമ്പൻ വരെയുള്ള ഭാഗങ്ങളിൽ) ശുദ്ധജലം എത്തിക്കുവാൻ കഴിയും.

18. വെള്ളത്തിൻെറ ദുരുപയോഗം തടയുവാൻ എല്ലാ ഉപഭോക്താക്കൾക്കും മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തുക.

19. കെ. എസ്. ഇ. ബിയുടെ വാഴത്തോപ്പ് കോളനിയിലെ ശുദ്ധജല വിതരണ സംവിധാനത്തിൽ നിന്നും പരിസരത്തുള്ളവർക്ക് കൊടുക്കാവുന്നത്ര പരമാവധി കണക്ഷൻ നല്കി മീറ്റർ സംവിധാനം ഏർപ്പെടുത്തി ജല വിതരണം ഉപയോഗപ്രദമാക്കുക.

20. വൈദ്യുതി ബോർഡിൻെറ ക്യാമ്പ് സെക്ഷൻെറ നിയന്ത്രണത്തിലുള്ള എല്ലാ ഉപഭോക്താക്കൾക്കും മീറ്റർ സംവിധാനം ഏർപ്പെടുത്തി ദുരുപയോഗം ഒഴിവാക്കാം. ■



സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	2	3	4	5	6	70
1	P.H.C.വാഴത്തോപ്പ്	അലോപ്പതി ചികിത്സാ കേന്ദ്രം	പഞ്ചായത്ത് വക	18	1982	വൈദ്യുതി ഇല്ല. ജലവിതരണം ഭാഗികം

ആരോഗ്യസ്ഥിതി വിവരങ്ങൾ

7.2.

1.	ആകെ വീടുകൾ	4438	
	a കോൺക്രീറ്റ്		216
	b ഓടുമേഞ്ഞത്		2109
	c ഓലമേഞ്ഞത്	1444	
	d കുടിൽ	669	
2.	കക്കൂസ് ഉള്ള വീടുകളുടെ എണ്ണം	3557	
	a സെപ്റ്റിക്ക് ടാങ്ക്	922	
	b ഇ.എസ്സ്.പി.	672	
	c മറ്റുള്ളവ	1963	
3.	കുടിവെള്ള സ്രോതസ്സ്		
	a സാനിറ്ററി വെൽ	439	
	b സാധാരണ കിണർ	1079	
	c കുളം	154	
	d നദി	45	
	e പൈപ്പ്	940	
	f പൊതു വിതരണം	1781	
4.	തൊഴുത്ത്	1746	
	a വീടിനോട് ചേർന്ന്	1012	
	b പ്രത്യേകിച്ച്	734	
5.	കമ്പോസ്റ്റ് കുഴി		
	a ഉള്ളത്	1798	
	b ഇല്ലാത്തത്	2640	
6.	വൈദ്യുതി		
	a വൈദ്യുതീകരിച്ചവീടുകൾ	1675	

	b അല്ലാത്തവ	2763
7	ജനസംഖ്യ	16503
	a പുരുഷൻമാർ	6902
	b സ്ത്രീകൾ	7458
	c കുട്ടികൾ	2143
8	പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായം)	
	a 15-19	9
	b 20-24	289
	c 25-29	616
	d 30-34	572
	e 35-39	445
	f 40-44	257
9	അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)	
	a 1 കുട്ടി	326
	b 2 കുട്ടികൾ	1083
	c 2-ൽ കൂടുതൽ കുട്ടികൾ	722
10	കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)	
	a 1 കുട്ടി - 129	
	b 2 കുട്ടികൾ - 808	
	c 2-ൽ കൂടുതൽ കുട്ടികൾ - 666	
11	അംഗവൈകല്യമുള്ളവർ	
	a അന്ധർ - 05	b ബധിരർ - 41
	c മൂകർ - 05	d ബധിരമൂകർ - 2
	e ചലനവൈകല്യമുള്ളവർ - 42	f ആകെ - 95
12.	മന്ദബുദ്ധികൾ (പ്രായാടിസ്ഥാനത്തിൽ)	
	a 0-5 -06	b 6-10 ഇല്ല
	c 11- 15 03	d 16 ന് മേൽ - 03
13	സ്ഥായിയായ രോഗ ബാധിതർ	
	a രക്ത സമ്മർദ്ദം - 144	b പ്രമേഹം - 39
	c കാൻസർ 03	d കുഷ്ഠം - ഇല്ല
	e ക്ഷയം 04	f ഹൃദ്രോഗം - 12
	~~ആകെ~~	
14	a ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം - 234	
	b പ്രതിരോധ കുത്തിവയ്പു നടത്തിയവർ - 98	

15 ആകെ ഗർഭിണികൾ - 149

7.4 പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജല ജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണി ജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993-94	615	6893	2	2923
1994-95	497	4348	-	3138
1995-96	648	7791	1	2455

രോഗങ്ങൾ സംബന്ധിച്ച വിവരം. പ്രതി വർഷം (എണ്ണം)

(PHCയിൽ നിന്ന്)

വർഷം	ഇൻപേഷ്യൻറി ന്റെ എണ്ണം	ഔട്ട് പേഷ്യൻറിന്റെ എണ്ണം	തക്ക് രോഗം	വാതരോഗം (എല്ലാവിഭാഗവും)	പകർച്ച വ്യാധികൾ	വിഷചികിത്സ പാമ്പു കടി etc	മറ്റുള്ള രോഗങ്ങൾ	ആകെ
92-93		9591	76	718	5319	-	3478	9591
93-94		10433	118	824	7510		1981	10433
94-95		7993	81	1021	4845		2046	7993
95-96		10895	98	1009	8440		1348	10895
ആകെ		38912	373	3572	26114		8853	38912



വിദ്യാഭ്യാസം

കുടിയേറ്റ മേഖലയായ വാഴത്തോപ്പിൽ ആദ്യകാലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായിരുന്നു. (മണിയാറം കുടി ട്രൈബൽ എൽ.പി. സ്ക്കൂളാണ് ആദ്യവിദ്യാലയം. പിന്നീട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു വിദ്യാലയം നിലവിൽവന്നു.) സെന്റ്മേരീസ് എൽ. പി. സ്ക്കൂളാണ് അടുത്തതായി ആരംഭിച്ചത്. ഇടുക്കി പദ്ധതിയുടെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ടാണ് കൂടുതൽ വിദ്യാലയങ്ങൾ പിന്നീടുണ്ടായത്.എയ്ഡഡ് സ്ക്കൂളുകളാണ് കൂടുതലുള്ളത്. വിദ്യാഭ്യാസമേഖലയിൽ ക്രൈസ്തവ ദേവാലയങ്ങളാണ് നമ്മുടെ നാട്ടിൽ വിദ്യാലയങ്ങൾക്ക് നേതൃത്വം നല്കിയത്.

1970-കളിൽ ആദിവാസികേന്ദ്രങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസം സാമൂഹിക പ്രവർത്തകരുടെ നേതൃത്വത്തിൽ ആരംഭിച്ചു. വയോജനവിദ്യാഭ്യാസവും സാക്ഷരതാപ്രവർത്തനവും ആദ്യഘട്ടത്തിൽ ഏറ്റവും നല്ലനിലയിൽ നടന്നുവന്ന ഒരു പഞ്ചായത്താണിത്. ദൗർഭാഗ്യവശാൽ പിന്നീട് ഈ രംഗത്ത് പ്രവർത്തനം മന്ദീഭവിച്ചു.സാക്ഷരരായ പലരും അക്ഷരവും അക്കങ്ങളും മറന്നു.ജനങ്ങൾക്ക് താല്പര്യമുണ്ടെങ്കിലും നയിക്കാൻ ആളില്ലെന്ന സ്ഥിതിയാണ് ഈ രംഗത്തുള്ളത്. ജനകീയ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ എല്ലാ സാമൂഹിക സാംസ്ക്കാരിക സന്നദ്ധപ്രവർത്തകരെയും കൂട്ടിയിണക്കി സജീവമാക്കേണ്ട മേഖലയാണിത്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. സ്വകാര്യമേഖലകളിൽ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്പ്യൂട്ടർസെന്റർ ഇവ പ്രവർത്തിക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് ഫോർ ഇലക്ട്രോണിക് (IHRD) എന്ന ഗവൺമെന്റ് സ്ഥാപനം 1996-ൽതന്നെ കുയിലിമലയിൽ പോളിടെക്നിക്ക് പ്രവർത്തനം ആരംഭിക്കുന്നതോടെ ഇലക്ട്രോണിക് വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ പങ്കാളിത്തമാകും.

ഗവ. വിദ്യാലയങ്ങളിൽ ഏറ്റവും പിന്നോക്കമായ ഭൗതിക സാഹചര്യമുള്ളത് മണിയാറംകുടി ഗവ. ഹൈസ്ക്കൂളാണ്. സ്വന്തമായി 5 ഏക്കറിലധികം സ്ഥലമുണ്ട്. അടച്ചുറപ്പുള്ള കെട്ടിടങ്ങളില്ല. പുല്ലുമേഞ്ഞ ഷെഡ്ഡുകളാണുള്ളത്. ഈ കുറവുകൾ പരിഹരിക്കുകയും പ്ലസ്ടു അനുവദിക്കുകയും ചെയ്തുകൊണ്ടു മാത്രമേ ആദിവാസികളുടെ പഠനനിലവാരം ഉയർത്തുവാ കഴിയുകയുള്ളൂ. വാഴത്തോപ്പ് ഗവ. ഹൈസ്ക്കൂൾ ജില്ലയിലെ ഏറ്റവും മികവുറ്റ വിദ്യാലയങ്ങളിലൊന്നാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസവും പുതിയ കാൽവയ്പാണ്. സെന്റ്. ജോർജ് ഹൈസ്ക്കൂൾ മുളകുവള്ളി സെന്റ്. ജോസഫ് സ്ക്കൂൾ, കരിമ്പ സെന്റ്മേരീസ് യു.പി.സ്ക്കൂൾ, ശ്രീ വിദ്യാധിരാജാ ഹൈസ്ക്കൂൾ, പൈനാവ് ഗവ. യു. പി. സ്ക്കൂൾ, സെന്റ്ജോർജ് യു. പി.സ്ക്കൂൾ എന്നിവയാണ് നമ്മുടെ പ്രാഥമിക വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നത്. പി.ടി.എ, മാതൃസംഗമം.ഇവ സജീവമല്ല. ഈ കുറവ് അടിയന്തിരമായും പരിഹരിക്കേണ്ടതാണ്. നല്ലനിലയിൽ ക്ലാസ് മാതൃസംഘങ്ങളും സ്ക്കൂൾ പി.ടി. എ. മാതൃസംഘങ്ങളും പ്രവർത്തിച്ചാൽ വിദ്യാഭ്യാസമേഖല സജീവമാകും. എല്ലാ എൽ. പി. സ്ക്കൂളുകളോടും അനുബന്ധിച്ച് പ്രീപ്രൈമറി സ്ക്കൂളുകൾ തുടങ്ങേണ്ടത് അനിവാര്യമാണ്.

പഞ്ചായത്തിലെ സ്ക്കൂളുകൾ

സ്ക്കൂൾ	സ്ഥിതിചെയ്യുന്ന സ്ഥലം
1. ഗവ. യു.പി. എസ്	പൈനാവ്
2. വിദ്യാധിരാജാ വിദ്യാസദ (ഇംഗ്ലീഷ് മീഡിയം)	പാറേമാവ്
3. ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ	വാഴത്തോപ്പ്
4. സെന്റ് ജോർജ് യു.പി.എസ്.	വാഴത്തോപ്പ്
5. സെന്റ്മേരീസ് എൽ. പി. എസ്.	വാഴത്തോപ്പ് സെന്റ് മേരീസ് ജംഗ്ഷൻ
6. സെന്റ്ജോർജ് എച്ച്.എസ്.	വാഴത്തോപ്പ്നോർത്ത്
7. ഗവ. എൽ.പി.എസ്.	വാഴത്തോപ്പ്
8. ഗവ. ഹൈസ്ക്കൂൾ	മണിയാറം കുടി
9. സെന്റ് ജോസഫ്സ് എൽ.പി.എസ്.	മുളകുവള്ളി
10. സെന്റ് മേരീസ് യു.പി.എസ്.	കരിമ്പ

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ നിലനില്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലെ മുഴുവ ജനങ്ങളും ഉപകാരപ്രദമായ സ്ഥലങ്ങളിലായല്ല വിന്യസിച്ചിരിക്കുന്നത്.
2. കൊച്ചുകുട്ടികളുടെ മാനസ്സീക, ശാരീരിക വളർച്ചക്ക് ഉപകാരപ്രദമാകാതെ അംഗ വാടികൾ അക്ഷരാഭ്യാസത്തിലേക്കും, ഇംഗ്ലീഷ്മീഡിയം തരത്തിൽ എ.ബി.സി.ഡി പഠനത്തിലേക്കും അധ:പതിച്ചു പോകുന്നു.
3. നിലവിലുള്ള നഴ്സറിസ്ഥാപനങ്ങളുടെ പ്രവർത്തനം. തൃപ്തികരമല്ലെന്നു മാത്രമല്ല അവയുടെ കൃത്യമായ എണ്ണമോ, എവിടെയൊക്കെയോ എന്നുപോലും വേണ്ടപ്പെട്ടവർക്കറിയില്ല.
4. സാധാരണക്കാർക്ക് ലഭ്യമല്ലാത്ത തരത്തിലുള്ള നേഴ്സറിസംവിധാനങ്ങളേ പഞ്ചായത്തിറ മിക്കഭാഗങ്ങളിലുമുള്ളൂ.അനാവശ്യപാശ്ചാത്യരാജ്യഅനുകരണം നേഴ്സറി സ്ക്കൂളുകളിൽ വസ്ത്രധാരണോപയോഗിക്കുന്നതിൽ പോലും തുടരുന്നു.
5. എൽ. പി. സ്ക്കൂളുകളിലെ കുട്ടികൾക്ക് അഞ്ചുകിലോ മീറ്ററിനുമുകളിൽ നടന്ന് വിദ്യാലയത്തിലെത്തിച്ചേരേണ്ട ദു:സ്ഥിതി നിലനില്ക്കുന്നു.
6. വിദ്യാലയങ്ങളുടെ അടിസ്ഥാന ഘടകമായ എൽ. പി. വിഭാഗത്തിന് വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല.
7. നൂതനമായ പഠനരീതികളും, ബോധനമാർഗങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ അദ്ധ്യാപകർ വിമുഖത കാട്ടുന്നു.
8. നിലവിലുള്ള സ്ക്കൂളുകളുടെ അടിസ്ഥാന ഭൗതീകസാഹചര്യങ്ങൾ ശോചനീയമാണ്.
9. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, ഭൗതീകസൗകര്യങ്ങൾ ഉയർത്തുന്നതിനും വേണ്ടത്ര സംഭാവന നല്കുന്നതിനോ ഇടപെടുന്നതിനോ രക്ഷകർത്താക്കളോ രക്ഷകർത്തൃസമിതിയോ ശ്രമിക്കുന്നില്ല.
10. പൊതുസ്വത്തായി കണക്കാക്കേണ്ട വിദ്യാലയങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം ക്രമാതീതമാകുന്നു.
11. കായികരംഗത്ത് ഒട്ടേറെ മുന്നോട്ടുപോകുവാനും, ഈ രംഗത്ത് പ്രതിഭകളെ കണ്ടെത്തുവാനും കഴിയുന്ന നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകൾ ഇതിനുതകുന്ന യാതൊരുവിധ സൗകര്യങ്ങളും നിലവിലില്ലെന്നു മാത്രമല്ല അദ്ധ്യാപകരുമില്ല.
12. സ്ക്കൂൾ ഗ്രന്ഥശാലകൾ ഒട്ടുംതന്നെ സജീവമല്ല. കുട്ടികളുടെ വായനാശീലം ഉയരുന്നുമില്ല.
13. ലബോറട്ടറി സൗകര്യങ്ങൾ ഒട്ടുംതന്നെയില്ല. ഉള്ളവയൊട്ട് ഉപയോഗിക്കുന്നുമില്ല.
14. മൂത്രപ്പുരപോലും ഇല്ലാത്ത സ്ക്കൂൾപോലും പഞ്ചായത്തിലുണ്ട്.
15. ഇടവേളകളില്ലാത്ത ട്യൂഷ സമ്പ്രദായം പഞ്ചായത്തിൽ വ്യാപകമാകുകയും അത് കുട്ടികളുടെ കർമ്മശേഷിയെ നശിപ്പിക്കുകയും ചെയ്യുന്നു. 16. ഗിരിവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ പഠിക്കുന്ന മണിയാറ കുടി സ്ക്കൂളിലെ ഈ വിഭാഗം കുട്ടികളുടെ പഠനനിലവാരം മോശമാണ്.
17. അദ്ധ്യാപക ക്ഷാമം രൂക്ഷമാണ്.
18. വിദ്യാർത്ഥികളുടെ യാത്ര ദുരിതപൂർണ്ണമാണ്.
19. സാധാരണ ജനങ്ങൾക്ക് ഉപകരിക്കുന്ന കോളേജ് വിദ്യാഭ്യാസം ജില്ലാ ആസ്ഥാനമായ നമ്മുടെ പഞ്ചായത്തിലില്ല.
20. സ്ക്കൂൾ കോംപ്ലക്സ് പരിപാടി പഞ്ചായത്തിൽ ഫലപ്രദമല്ല.
21. സ്ക്കൂളുകളിലെ കൊഴിഞ്ഞുപോക്കും, കുട്ടികൾക്കിടയിലെ നിരക്ഷരതയും പഞ്ചായത്തിലെ പ്രശ്നങ്ങളാണ്.
22. ദാരിദ്ര്യവും, സാഹചര്യങ്ങളും നിമിത്തം പഠനം ഇടക്കുവച്ചവസാനിപ്പിച്ച് ഉപജീവനമാർഗ്ഗത്തിലേക്ക് കുട്ടികൾ തിരിഞ്ഞുപോകുന്ന അവസ്ഥകൂടുതലാണ്.
23. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുപോലുമില്ലാത്ത ഏക ജില്ലാ ആസ്ഥാനം നമ്മുടേതാണ്.
24. വളരെ മാതൃകാപരമായ രീതിയിൽ സാക്ഷരതാ പ്രവർത്തനം നടന്ന പഞ്ചായത്താണ് നമ്മുടേത്. എന്നാൽ തുടർസാക്ഷരതാ പരിപാടിയിൽ ഈ മെച്ചം നിലനിർത്തുന്നതിനോ സാക്ഷരതയിലൂടെ അക്ഷരാഭ്യാസം നേടിയ ജനങ്ങളെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിനോ കഴിഞ്ഞില്ല.

സാദ്ധ്യതകൾ

1. ഇനിയും സ്ക്കൂളുകൾ അനുവദിക്കുന്ന സാഹചര്യത്തിൽ അത് ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിലും. കൂടുതൽ ജനങ്ങൾക്ക് ഉപകരിക്കത്തക്ക തരത്തിലുമാകേണ്ടതാണ്.
2. പുതിയ അംഗ വാടികൾ ആരംഭിക്കേണ്ടുന്ന സ്ഥലങ്ങൾ തീരുമാനിക്കുകയും, നിലവിലുള്ള അംഗ വാടികളുടെ പ്രവർത്തനം വിലയിരുത്തുകയും വേണം. അംഗ വാടികൾ കുട്ടികളുടെ മാനസ്സീകശാരീരിക വളർച്ചക്ക് ഉതകുന്നതാണെന്ന് ഉറപ്പുവരുത്തുകയും വേണം.
3. എല്ലാ എൽ.പി. സ്ക്കൂളുകളിലും പ്രീ. പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.
4. കരിമ്പ കാനം, താന്നിക്കണ്ടം, പെരുങ്കാല, റ്റി. വി. സെറ്റർ, കൊക്കരക്കുളം തുടങ്ങിയ പ്രദേശങ്ങളിൽ പ്രൈമറി സ്ക്കൂളുകൾ പ്രീ-പ്രൈമറി വിഭാഗത്തോടുകൂടി അനുവദിക്കുക.
5. ജില്ലാ അദ്ധ്യാപക പരിശീലന കേന്ദ്രത്തിറ പ്രവർത്തനം ബ്ലോക്കടിസ്ഥാനത്തിൽ വിഭജിക്കുകയും അതിറ സബ് സെറ്റർ വാഴത്തോപ്പിൽ അനുവദിക്കുകയും ചെയ്യുക.
6. നിലവിലുള്ള സ്ക്കൂളുകളുടെ ഭൗതീകസാഹചര്യങ്ങൾ പരിശോധിക്കുകയും അതിറ അടിസ്ഥാനത്തിലുള്ള വികസനപ്രവർത്തനങ്ങൾക്ക് മുതൂ

ക്കം നല്കുകയും വേണം.

7. രക്ഷകർതൃസമിതികളുടെയും, മാതൃസംഘങ്ങളുടെയും പ്രവർത്തനത്തിൽ പഞ്ചായത്ത് നേരിട്ടിടപെടുകയും അതാത് വാർഡിലെ സ്ക്കൂളുകളിലെ രക്ഷകർതൃസമിതികളിൽ വാർഡുമെമ്പർമാർ അംഗങ്ങളാവുകയും ചെയ്യണം.
8. സാമൂഹ്യവിരുദ്ധരുടെ കടന്നുകയറ്റത്തിൽനിന്നും വിദ്യാലയങ്ങളെ സംരക്ഷിക്കുവാ ക്രമസമാധാന പാലകർ ശ്രദ്ധിക്കുക. എല്ലാ സ്ക്കൂളുകളിലും നൈറ്റ്വാച്ച്മാനെ നിയമിക്കുക.
9. കുട്ടികളുടെ എണ്ണം നോക്കാതെ മുഴുവ സ്ക്കൂളുകളിലും കായികകലാ അദ്ധ്യാപകരെ നിയമിക്കണം. കൂടാതെ ഗ്രൗണ്ട്, സ്പോർട്ട്സ്, ഉപകരണങ്ങൾ ഇവ ലഭ്യമാക്കണം.
10. എല്ലാ ജില്ലാകേന്ദ്രങ്ങളിലും ഓരോ സ്പോർട്ട്സ് ട്രെയിനിംഗ് സ്ക്കൂളുകൾ ആരംഭിക്കണം.
11. ഗ്രന്ഥശാലമുറിയും, വായനാമുറിയും സ്ക്കൂളുകളോടനുബന്ധിച്ച് കർശനമാക്കണം. ഇത്തരം സ്ക്കൂൾ ഗ്രന്ഥശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങാനുള്ള തുക പഞ്ചായത്ത് നല്കണം. ശാസ്ത്ര മാസികകൾക്ക് മു തുക്കം നല്കണം.
12. സ്ക്കൂൾ തലവികസന പദ്ധതികൾ പി.റ്റി.എ. കമ്മറ്റിയുടെ പൂർണ്ണ ഉത്തരവാദിത്വത്തിലും സന്നദ്ധ സേവനത്തിലൂടെയും നടത്തുക.
13. മൂത്രപ്പുര, കക്കൂസ്, ശുചിത്വത്തിനാവശ്യമായ ഓടകൾ, ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലങ്ങൾ തുടങ്ങിയവ സ്ക്കൂളുകളോടനുബന്ധിച്ച് കർശനമാക്കുക.
14. ഗിരിവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന മണിയാറ കുടി സ്ക്കൂളിൽ കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
15. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തണം. താല്ക്കാലിക നിയമനങ്ങൾക്കുള്ള അധികാരം ഹെഡ്മാസ്റ്റർമാർക്ക് വിട്ടുകൊടുക്കണം.
16. സേവനവാരം പുന:സ്ഥാപിക്കുക.
17. അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും യാത്രാപ്രശ്നം പരിഹരിക്കുന്നതിന് ബസ്സുകളുടെ സമയത്തിൽ ക്രമീകരണം ഏർപ്പെടുത്തണം.
18. ജില്ലാ ആസ്ഥാനത്ത് ഡിഗ്രി, പോസ്റ്റു ഗ്രാജ്വേറ്റ് കോഴ്സുകളുള്ള ഒരു ഗവ. കോളേജ് അനുവദിക്കുക.
19. ഹയർസെക്ക റി അനുവദിക്കുന്നതിന് 50% റിസൽട്ട് വേണം എന്ന നിബന്ധന ഒഴിവാക്കുകയും മണിയാറ കുടി സ്ക്കൂളിൽ വി. എച്ച്. എസ്. സി. അനുവദിക്കുകയും ചെയ്യുക.
20. പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സ് പരിപാടി ആവിഷ്ക്കരിക്കുക.
21. എല്ലാ സ്ക്കൂളുകൾക്കും ഫർണീച്ചറുകൾ അതാത് പഞ്ചായത്തിറ നേതൃത്വത്തിൽ നിർമ്മിച്ചു നല്കുക.
22. സാക്ഷരതാപ്രവർത്തനങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ പുനരു ീവിപ്പിക്കുകയും തുടർസാക്ഷരതാ പ്രവർത്തനം സജീവമാക്കുകയും ചെയ്യുക.
23. ഗവ. അംഗീകൃത പരിശീലനമുള്ളവർ മാത്രമെ നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി പ്രീ. പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുവാ പാടുള്ളൂ.
24. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാ 50 വീടുകൾക്കൊന്ന് എന്ന തരത്തിൽ അയൽകൂട്ടങ്ങൾ രൂപീകരിക്കുക.
25. അദ്ധ്യാപകരുടെ സർവ്വീസ് പ്രശ്നങ്ങൾ കാലവിളമ്പം കൂടാതെ പരിഹരിച്ചുകൊണ്ട് ക്ലാസ്സ് സമയം നഷ്ടപ്പെടുത്താതിരിക്കുക. ആവശ്യമെങ്കിൽ സർവ്വീസ് നിയമങ്ങൾ ഉദാരവത്ക്കരിച്ച് കാലോചിതമാക്കുക.
26. സെ സസ് പോലുള്ള പ്രവർത്തനങ്ങളിൽനിന്ന് അദ്ധ്യാപകരെ ഒഴിവാക്കുക.
27. ആവശ്യമുള്ള കുട്ടികൾക്ക് ഹൈസ്ക്കൂളുകളിൽ കൂടി ഉച്ചക്കഞ്ഞി വിതരണം വ്യാപിപ്പിക്കുക.
28. ബുക്ക് ബയി റിംഗ്, ചോക്കുനിർമ്മാണം, ക്രയോ □ നിർമ്മാണം തുടങ്ങിയവക്ക് കുട്ടികൾക്ക് പരിശീലനം നല്കുകയും സ്ക്കൂൾതലത്തിൽ നടപ്പാക്കുകയും ചെയ്യുക.
29. ആധുനീകസ ീകരണങ്ങളോടു കൂടി ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ജില്ലാ ആസ്ഥാനത്ത് അനുവദിക്കുക.
30. കോഴിവളർത്തൽ, ആടുവളർത്തൽ, പച്ചക്കറികൃഷി, നെയ്ത്ത് തുടങ്ങിയ ഉല്പാദനപരവും തൊഴിലധിഷ്ഠിതവുമായ പദ്ധതികൾ സ്ക്കൂൾതലത്തിൽ നടപ്പാക്കുക.
31. സ്ക്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമാക്കുക, സ്ക്കൂൾ ഹെൽത്ത്ക്ലബ്ബുകൾ സ്ഥാപിക്കുക, പ്രഥമ ശുശ്രൂഷനല്കുന്നതിന് ഓരോ സ്ക്കൂളിൽ ഓരോ അദ്ധ്യാപകന് പരിശീലനം നല്കുക.
32. സയ സ്ക്ലബ്ബ്, ആർട്ട്സ് ക്ലബ്ബ്, ഫോറസ്റ്റിക് ക്ലബ്, മാത്സ്ക്ലബ്ബ്, കാർഷികക്ലബ്ബ് ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
33. ശിശുദിനം പഞ്ചായത്ത് അടിസ്ഥാനത്തിൽ ആഘോഷിക്കണം.
34. കേരളശാസ്ത്ര സാഹിത്യപരിഷത്ത് നേതൃത്വം നല്കുന്ന വിജ്ഞാനോത്സവങ്ങൾ പോലെ കുട്ടികളുടെ ബോധനിലവാരം ഉയർത്തുന്ന വിജ്ഞാന പരീക്ഷകൾ പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളെയും പങ്കെടുപ്പിച്ചുകൊണ്ട് നടപ്പാക്കുക. ഇതിന് വിദ്യാഭ്യാസ വകുപ്പിറ സഹകരണമുള്ളതുപോലെ തന്നെ പഞ്ചായത്തിറ നേതൃത്വത്തിൽ നടക്കുകയും വേണം.
35. ജില്ലാ അസ്ഥാനമായ വാഴത്തോപ്പ് പഞ്ചായത്തിൽ ഒരു കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുക.

പാർപ്പിടം
സാമൂഹ്യക്ഷേമം

പാർപ്പിടകാര്യത്തിൽ പഞ്ചായത്ത് പൂർണ്ണതയിൽ എത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള പാർപ്പിടങ്ങളിൽ 60%ത്തിലും പ്രാഥമിക സൗകര്യങ്ങൾക്കു പോലുമുള്ള സൗകര്യങ്ങളില്ല. രണ്ടുമുറി, ചായിപ്പ് രീതിയിലുള്ള വീടുകളാണധികവും. വിവിധപദ്ധതിപ്രകാരം ലഭിച്ചിട്ടുള്ള ഭവനങ്ങൾതന്നെ സംരക്ഷിക്കുന്നതിൽ വീട്ടുകാർ താല്പര്യം കാണിക്കുന്നില്ല. നിർമ്മാണം നടത്തിയവതന്നെ പൂർത്തീകരിക്കാത്തവയും ഉണ്ട്. ചിലവു കുറഞ്ഞ ഭവനനിർമ്മാണ പരിപാടി വ്യാപകമാക്കേണ്ടതുണ്ട്. ഭൂപ്രകൃതിക്കും കാലാവസ്ഥക്കും അനുയോജ്യമായ രീതിയിൽ ഉള്ള കെട്ടിടനിർമ്മാണ മാതൃക സ്വീകരിക്കാത്തതു മൂലം പ്രകൃതിക്ഷോഭത്തേയും, പ്രതികൂലകാലാവസ്ഥയേയും അതിജീവിക്കുന്നതിന് നമ്മുടെ വീടുകൾക്ക് കഴിയുന്നില്ല. സർക്കാരിൽനിന്നും വിവിധ ഏജൻസികളിൽ നിന്നും വച്ച് കൊടുത്തിട്ടുള്ള വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിൽ വീട്ടുകാർ ശ്രദ്ധിക്കുന്നില്ല എന്ന് മാത്രമല്ല, ഇത് സർക്കാരിന്റെ ഉത്തരവാദിത്വമായി കാണുകയും, വീടുകൾ വാസയോഗ്യമല്ലാതാക്കുകയും ചെയ്യുന്നു. ഉരുൾ പൊട്ടലിനു സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും വീടുകൾ മാറ്റുകയും പുതിയ വീടുകൾ ഈ പ്രദേശങ്ങളിൽ വെക്കാതിരിക്കുകയും വേണം. 4000-ത്തിൽപരം കുടുംബങ്ങൾ അധിവസിക്കുന്നതിൽ 1000-ൽ താഴെ മാത്രമേ വാസയോഗ്യമായവയുള്ളൂ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 1176 പേർക്കും ഐ. ആർ. ഡി. പി സ്ക്കീമിൽ വരാത്ത ഏറെപ്പേർക്കും ഭവനങ്ങളില്ല.

പ്രശ്നങ്ങൾ

1. 7, 8-ാം വാർഡിലെ 400-ൽപരം വീടുകൾക്കും പ്രാഥമിക സൗകര്യങ്ങളില്ല.
2. പട്ടയം ഇല്ലാത്തിനാൽ സാമ്പത്തികസഹായം ലഭിക്കുന്നില്ല.
3. ഭവന നിർമ്മാണ പരിപാടികൾ സമയബന്ധിതമല്ല.
4. സൗജന്യമായി ലഭിച്ച വീടുകൾ ഉപഭോക്താവ് യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതുമൂലം ഉള്ളവതന്നെ നശിക്കുന്നു.
5. ഹൗസിംങ്ങ് ബോർഡിന്റെ ഭവനനിർമ്മാണപദ്ധതി മുടങ്ങികിടക്കുന്നു.
6. ലക്ഷം വീടുകൾ ശോചനീയാവസ്ഥയിലാണ്.
7. നിർമ്മാണ തൊഴിലാളികളുടെ പുത്ത വൈദഗ്ദ്ധ്യകുറവ്.
8. സാമൂഹ്യവികസനത്തിന് ഉതകുന്ന പദ്ധതികളിലൂടെ ഉപഭോക്താവിന് കിട്ടേണ്ടുന്ന ഗുണങ്ങൾ ചുരുക്കം നാടകളിൽ കുറുങ്ങികിടക്കുന്നു.
9. നിലവിലുള്ള വിവിധ സാമൂഹ്യക്ഷേമപദ്ധതികളെക്കുറിച്ച് പൊതുജനം അജ്ഞരാണ്.
10. വിധവാ പെൻഷൻ, വികലാംഗപെൻഷൻ, വാർദ്ധക്യകാലപെൻഷൻ തുടങ്ങിയ സാമൂഹ്യക്ഷേമപരമായ വിവിധപദ്ധതികൾ ഗ്രാമപഞ്ചായത്തുകളിലൂടെ ആകാത്തത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
11. ചെറുകിട വ്യവസായ യൂണിറ്റുകളുടെ അഭാവം.
12. വിവിധ പെൻഷനുകളെക്കുറിച്ചുള്ള അറിവില്ലായ്മ.
13. അംഗവാടി പ്രവർത്തനം ചിട്ടയിലല്ല.
14. അംഗവാടി ജീവനക്കാർക്ക് യഥാസമയം പരിശീലനം ലഭിക്കുന്നില്ല.
15. കോളനികളായി താമസിക്കുന്ന പ്രദേശത്തെ സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ.
16. ബോധവൽക്കരണത്തിന്റെ കുറവ്.
17. വൃദ്ധമന്ദിരങ്ങൾ ഇല്ല.
18. നിർമ്മാണത്തിലെ അശ്രദ്ധമൂലം ഗാന്ധിനഗർ കോളനിയിലെ ഭൂരിഭാഗം വീടുകളും തകർന്നു. പ്രാഥമിക വികസനതര്യം ഇല്ല.

സാദ്ധ്യതകൾ

1. ഗ്രാമീണ ഭവനനിർമ്മാണ പദ്ധതി പഞ്ചായത്ത് ധനസഹായത്തോടെ ജനകീയ സഹകരണത്തോടെ നടത്തുക. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ പഞ്ചായത്തിന് പൂർണ്ണഅധികാരമുള്ള പഞ്ചായത്ത് ഭവന നിർമ്മാണ സഹകരണ സമിതി രൂപീകരിക്കണം. ഈ സമിതിയുടെ നേതൃത്വത്തിലായിരിക്കണം പഞ്ചായത്തിലെ മുഴുവ ഭവന നിർമ്മാണ പരിപാടികളും.
2. നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിന് പ്രാഥമികമായി തന്നെ വിവരശേഖരണം നടത്തണം.
3. ഏത് ഏജൻസികൾ വീട് നൽകുന്നുവോ അവർതന്നെ കക്കൂസും, കുളിമുറിയും നൽകണം. കക്കൂസ്, കുളിമുറി എന്നിവയില്ലാത്ത വീടുകൾ വെക്കുന്നതിന് അനുമതി നിക്ഷേധിക്കുക.
4. ഹൗസിംങ്ബോർഡ് പണം കൊടുത്തു വാങ്ങിയസ്ഥലത്ത് വീടുകളുടെ പണികൾ ആരംഭിക്കുക.
5. ഭവനനിർമ്മാണ പദ്ധതികളിലൂടെ ഉപഭോക്താവിന് പണം നൽകുമ്പോൾ പലിശകുറയ്ക്കുകയും കാലാവധിക്ക് മുമ്പായി പണം അടയ്ക്കാൻ തയ്യാറായാൽ കൂടുപലിശ സമ്പ്രദായത്തിൽനിന്നും ഒഴിവാക്കിവായ്പ്പാത്തുക ഒന്നിച്ച് തിരികെവാങ്ങി വസ്തുവും, വീടും ഉടമസ്ഥന് പ്രമാണങ്ങളോടെ തിരികെ നൽകുന്നതിന് കഴിയണം.
6. ലക്ഷം വീട് പദ്ധതിപ്രകാരം ഉണ്ടാക്കിയിട്ടുള്ള വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ശുചീകരണസംവിധാനങ്ങൾക്ക് ഓടകളും, ചാലുകളും നിർമ്മിക്കണം.
7. നിലവിലുള്ളഹൗസിംങ് കോളനികളിലെ (ലക്ഷംവീട് ഉൾപ്പെടെ) പ്രാഥമികസൗകര്യങ്ങൾ മെച്ചപ്പെടു

ത്തുകയും, ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുകയും വേണം. ശുചിത്വപാലനം കാര്യക്ഷമമാക്കണം.

8. നിർമ്മിതിഭവന നിർമ്മാണ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.
9. അതാതു പ്രദേശത്ത് ലഭ്യമായ നിർമ്മാണ വസ്തുക്കളും, സാങ്കേതികവിദ്യയും, ഉപയോഗപ്പെടുത്തി പ്രദേശത്തിന് അനുയോജ്യമായി വീടുകളും കെട്ടിടങ്ങളും നിർമ്മിക്കണം.
10. കെട്ടിട നിർമ്മാണവസ്തുക്കൾ സഹകരണസംഘങ്ങൾ വഴി ലഭ്യമാക്കണം.
11. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ചിലവ് കുറഞ്ഞ കെട്ടിടനിർമ്മാണത്തിനുള്ള പരിശീലനം നടത്തുക.
12. ഭവനരഹിതരായവർക്ക് വർഷംതോറും 400 വീടുകൾ വീതം വെച്ച് കൊടുത്ത് 5 വർഷം കൊണ്ട് 2000 വീട് നൽകുന്ന സമഗ്രപരിപാടി ആരംഭിക്കുക.
13. താന്നിക്കണ്ടത്ത് സർക്കാർ അധീനതയിലുള്ള (ക്യാസൽഡ് പ്ലോട്ട്) പഞ്ചായത്തിൽ വീടില്ലാത്തവർക്ക് അനുവദിച്ച് കൊടുക്കുക.
14. ഗാന്ധിനഗർ കോളനിയുടെയും വീടുകളുടെയും വികസനത്തിന് പരിപാടിയുണ്ടാകണം.
